## II അടിയന്തര പ്രമേയം.

### ബാർ കോഴ കേസ്സ്

മി.സ്പീക്കർ: ബാർ കോഴക്കേസ്സിൽ ധനമന്ത്രിക്കെതിരെ കുറ്റപത്രം സമർപ്പിക്കേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനിച്ചിരിക്കുന്നതായും വിജിലൻസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-ലെ ഒന്നാം പ്രതിയായ ധനമന്ത്രിയെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ നിയമവിരുദ്ധമായ നിയമോപദേശങ്ങളുടെ മറവിൽ തടഞ്ഞുവയ്ക്കുകയും ചെയ്തതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ, വി.എസ്. സുനിൽ കുമാർ, മാത്യൂ.റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ചെയറിന് ഒരു കാര്യം പറയാനുള്ളത്, ഈ അടിയന്തിരപ്രമേയത്തിന് നൽകിയ നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലെ വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പത്രങ്ങളിൽ വന്ന വാർത്ത മാത്രമാണുള്ളത്. ഈ നിമിഷം വരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. .............(ബഹളം)........... ചെയർ പറയട്ടേ, ചെയറിനെ

പറയാൻ അനുവദിക്കണം........(ബഹളം).......... ബഹുമാനപ്പെട്ട സി. ദിവാകരൻ ചെയർ പറയുന്നത് എന്താണെന്ന് കേൾക്കണം. സമർപ്പിച്ചിട്ടില്ലാത്ത ഒരു റിപ്പോർട്ടിനെ സംബന്ധിച്ചാണ് സമർപ്പിച്ചു എന്നുപറഞ്ഞ് അടിയന്തിര പ്രമേയത്തിന് നോട്ടീസ് തന്നിരിക്കുന്നത്. എന്നാലും ചെയർ ഇത് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ്മന്ത്രി................. (ബഹളം).....................

<u>ശ്രീ. സി. ദിവാകരൻ</u>: ..........(മൈക്ക് ഓഫ്).......... ഗവൺമെന്റ് പറയേണ്ട കാര്യമാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: സ്പീക്കർ പറഞ്ഞത് ഗവൺമെന്റിന്റെ കാര്യമല്ല, ഗവൺമെന്റിന്റെ കാര്യം ഗവൺമെന്റ് പറയും. അത് സ്പീക്കർ പറയേണ്ട കാര്യമല്ല. ഇത്തരത്തിലുള്ള ഒരു നോട്ടീസ് പരിഗണിക്കുന്നതിനുള്ള സ്വാതന്ത്ര്യം സ്പീക്കർക്കാണ്. അതിനെ സംബന്ധിച്ചിടത്തോളം ............ (ബഹളം)............ബഹുമാനപ്പെട്ട എ. കെ. ബാലൻ എല്ലാകാര്യത്തിലും ഇങ്ങനെ പറയരുത്, അത് ശരിയല്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച്............(ബഹളം)........... അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് ചില നിബന്ധനകളുണ്ട്. ഞാൻ ഇത്

അനുവദിച്ചതാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ ............ (ബഹളം)........................(ബഹളം)...........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, റൂൾ 50 അനുസരിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. എസ്. ശർമ്മയും മറ്റും നോട്ടീസ് നൽകിയത്. റൂൾ 50 പ്രകാരം ഇത് അവതരിപ്പിക്കുന്നതിനുവേണ്ടി മെമ്പറെ വിളിക്കണമോ എന്ന തീരുമാനം മാത്രമാണ് സ്പീക്കർ എടുക്കേണ്ടത്. അങ്ങനെ തീരുമാനമെടുക്കേണ്ട സ്പീക്കർക്ക് ഈ അടിയന്തിര പ്രമേയത്തിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്ന ഗവൺമെന്റിന്റെ വസ്തുതയിലേയ്ക്ക് എങ്ങനെയാണ് എത്തിച്ചേരാൻ സാധിച്ചത്? സ്പീക്കർ, ചട്ടപ്രകാരം പരിശോധിച്ചിട്ട് ഈ അടിയന്തിര പ്രമേയം ഇവിടെ മെൻഷൻ ചെയ്യേണ്ടതില്ല എന്നു പറയാം. അങ്ങനെ മെൻഷൻ ചെയ്യണമെങ്കിൽ വിജിലൻസ് ഡയറക്ടറുടെ കയ്യിൽ നിന്ന് അങ്ങ് ഉപദേശം വാങ്ങിയിട്ടുണ്ടോ? വിജിലൻസ് ഡയറക്ടറുടെ കയ്യിൽ നിന്ന് അങ്ങ് രാവിലെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ടോ? വിജിലൻസ് ഡയറക്ടർ ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല എന്ന് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചിട്ടുണ്ടോ? അങ്ങനെ അറിയിച്ചിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് അത് പറയാം, അങ്ങനെ ബഹുമാനപ്പെട്ട സ്പീക്കറെ വിജിലൻസ് ഡയറക്ടർ

അറിയിച്ചിട്ടുണ്ടെങ്കിൽ ആ രേഖ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, ഇന്നിവിടെ ഈ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത് മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ്. സ്പീക്കർ എന്ന നിലയിൽ ഞാൻ ഇതിനെ സംബന്ധിച്ച് പറഞ്ഞതും മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ തന്നെയാണ്. ഞാൻ ഒരു വിവാദത്തിലേയ്ക്ക് പോകുന്നില്ല. അത് അനുവദിച്ചിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, (ശ്രീ രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ വി.എസ്. അച്ചുതാനന്ദൻ 01.11.2014-ൽ വിജിലൻസ് ഡയറക്ടർക്ക് നൽകിയ 535/LO/2014 കത്തിന്റെ അടിസ്ഥാനത്തിൽ ഉടൻ തന്നെ അന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോ ദക്ഷിണമേഖല, തിരുവനന്തപുരം QV/14/2014/ എസ്.ആർ.ടി. ആയി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി അന്വേഷണം

നടത്തിയിട്ടുള്ളതുമാണ്. അന്വേഷണ പുരോഗതി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതിയുടെ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയിട്ടുള്ളതുമാണ്. അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശിപാർശ ചെയ്തു. ശിപാർശ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WPC/68/2008 ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി. ആന്റ് അദേഴ്സ് എന്ന കേസ്സിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോ ഡയറക്ടർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -1, പോലീസ് സൂപ്രണ്ട് വി.സി.06/2014 SIU1/U/S 7 and 13 1D of PC Act 1988 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 -ലെ തെരഞ്ഞെടുക്കപ്പെട്ട പോലീസ് സൂപ്രണ്ടുമാരേയും സർക്കിൾ ഇൻസ്പെക്ടർമാരേയും ഉൾപ്പെടുത്തി രൂപീകരിച്ച അന്വേഷണ സംഘം കേസ്സിന്റെ അന്വേഷണം നടത്തി വരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണത്തിന്റെ വെളിച്ചത്തിൽ കണ്ടെത്തുന്ന വിവരങ്ങളുടെ

അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ഈ കേസ്സിൽ സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമാണ് നടന്നുവരുന്നത്. കേസ് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ 173 - Cr.PC പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. അപ്രകാരം കോടതിയിൽ റിപ്പോർട്ട് നൽകുന്നതുവരെ അന്വേഷണ പ്രക്രിയ വ്യവസ്ഥാപിതമായ രീതിയിൽ നിയമാനുസരണം മുന്നോട്ട് പോകുകയാണ്. കേസ് അന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും സംസ്ഥാന ഗവൺമെന്റ് ഒരു കാരണവശാലും ഇടപെടാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെ കേസ്സിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ പ്രാപ്തമല്ല.

<u>ശ്രീ. എസ്. ശർമ്മ</u>: ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഇവിടെ വിശദീകരിച്ചതനുസരിച്ച് കേസ്സിന്റെ ഉള്ളടക്കത്തിലേയ്ക്ക് പോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല എന്ന് പറയുകയുണ്ടായി. ഇപ്പോൾ കോടതിയിലിരിക്കുന്ന കേസ്സിന്റെ മെറിറ്റിലേയ്ക്ക് പ്രവേശിച്ചാൽ സബ്ജ്ജുഡീസ് ആകുന്ന പ്രശ്നം ഈ കേസ്സിൽ വരുന്നില്ല. കുറ്റപത്രം സമർപ്പിച്ചതിനുശേഷം വരുന്ന വിചാരണ ഘട്ടത്തിലാണ് അതിന്റെ മെറിറ്റിലേയ്ക്ക് പ്രവേശിച്ചുകൊണ്ട് മറ്റേതെങ്കിലും തലത്തിൽ ചർച്ച ചെയ്യുന്നത് സബ്ജ്ജുഡീസ് ആയി മാറുന്നത്. ഇവിടെ

കുറ്റപത്രം സമർപ്പിച്ചിട്ടില്ല, അതുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യുന്നത് സബ്ജ്യൂഡീസ് ആകുകയുമില്ല. എന്നാൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചതനുസരിച്ച് കേസ്സിന്റെ മെറിറ്റിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. കേസ്സിന്റെ മെറിറ്റിലേയ്ക്ക് പ്രവേശിക്കുവാൻ ധാർമ്മികമായി അവകാശം നഷ്ടപ്പെട്ട ഒരു ആഭ്യന്തര വകുപ്പുമന്ത്രിയുടെയും സംസ്ഥാന ഭരണത്തിന്റെയും ശബ്ദമാണ് ആ കേട്ടത്. ആ കേസ്സിന്റെ മെറിറ്റും ഇപ്പോഴത്തെ സ്ഥിതിയും എന്താണെന്നുള്ളത് കേരളത്തിലെയും ഇൻഡ്യയിലെയും ജനങ്ങൾ അറിഞ്ഞുകഴിഞ്ഞു. അങ്ങനെയിരിക്കുന്ന ഒരു പ്രശ്നത്തിന്റെ മെറിറ്റിലേയ്ക്ക് പോകേണ്ടതില്ലെന്ന് പറയുന്നത് സ്വയം രക്ഷയ്ക്കുള്ള കവചം തീർക്കുന്നതിനുള്ള വാദഗതി മാത്രമാണ്. ബാർ കോഴ കേസ്സിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിക്കെതിരെ കോടതിയിൽ കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ വിൻസെന്റ് എം.പോൾ അന്വേഷണ ഉദ്യോഗസ്ഥനായ വിജിലൻസ് എസ്.പി. ആർ. സുകേശന് നിർദ്ദേശം നൽകിയിരിക്കുന്നുവെന്ന് മലയാളികളുൾപ്പടെ എല്ലാ ജനവിഭാഗങ്ങളും വായിക്കുന്ന എല്ലാ പത്രങ്ങളിലും പൂർണ്ണമായും ഇതിന്റെ വിശദാംശങ്ങൾ വന്നുകഴിഞ്ഞതാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.എം. മാണിയോട് പത്രക്കാർ ചോദിച്ചപ്പോൾ

അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു, 'കേസ് ഒരു തിരക്കഥ ആയിരുന്നില്ലേ;' ഇതിൽ ഒരു കാര്യവുമില്ലെന്ന് ഇപ്പോൾ തെളിഞ്ഞില്ലേയെന്നാണ്. അപ്പോൾ റിപ്പോർട്ട് വന്നുവെന്ന് ഉത്തമബോധ്യം ശ്രീ. കെ.എം.മാണിക്കുള്ളതുകൊണ്ടല്ലേ അങ്ങനെ പറഞ്ഞത്; .........നാണംകെട്ട വർത്തമാനത്തിന് നിൽക്കണ്ട. ആവശ്യമില്ലാതെ ചുമന്ന് കഴിഞ്ഞാൽ ചുമക്കുന്നവനും നാറുമെന്ന് ഒരു കഥയുണ്ട്, ആ കഥയിലേയ്ക്ക് പോകാൻ ഇട വരരുത്. .....(ബഹളം)......ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന് വസ്തുതാവിവര റിപ്പോർട്ടും കുറ്റപത്രവും സ്വതന്ത്രമായി കോടതിയിൽ സമർപ്പിക്കാനുള്ള അവസരം ഈ നടപടിയിലൂടെ ഇല്ലാതാക്കിയിരിക്കുകയാണ്. ബാർ ഉടമകളിൽ നിന്നും ഒരു കോടി രൂപ കോഴ വാങ്ങിയതിന്റെ തെളിവുകളുടേയും മൊഴിയുടേയും അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്ന് കണ്ടെത്തിയതുകൊണ്ടാണ് ബഹുമാനപ്പെട്ട കെ.എം.മാണിക്കെതിരെ അദ്ദേഹത്തെ ഒന്നാം പ്രതിയാക്കി വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോ, പൂജപ്പുര സ്പെഷ്യൽ സെൽ 11.12.2014-ൽ തിരുവനന്തപുരത്ത് പ്രത്യേക വിജിലൻസ് കോടതി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. തുടർന്ന് അന്വേഷണം നടത്തിയ

വിജിലൻസ് എസ്.പി. ശ്രീ. ആർ. സുകേശന് പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാൻ മതിയായ തെളിവുകൾ ലഭിച്ചു. അദ്ദേഹത്തിന്റെ ഒരു ഇന്റർവ്യൂ പുറത്തു വന്നു. 60 ശതമാനത്തിലധികം തെളിവുകൾ ലഭ്യമായിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. അതിലൊരു വസ്തുതയുണ്ട്. 40 ശതമാനത്തിലധികം തെളിവുകൾ അന്വേഷണ സംഘത്തിന് ബോധ്യം വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പ്രതിചേർത്തുകൊണ്ട് കുറ്റപത്രം സമർപ്പിക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുണ്ട്. അതിൽ 40 ശതമാനമെന്നാണ് പറയുന്നത്, ഇവിടെ 60 ശതമാനത്തിലധികം മതിയായ തെളിവുകളുണ്ടെന്ന് ബഹുമാനപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കുന്ന വിവരം ഒരു സ്വാകാര്യ ഇന്റർവ്യൂവിൽ അദ്ദേഹം വ്യക്തമാക്കിയിരിക്കുകയാണ്. ബാക്കി കോടതി തീരുമാനിക്കേണ്ട കാര്യമാണ്. അല്ലാതെ യു.ഡി.എഫോ കെ.പി.സി.സി.യോ തീരുമാനിക്കേണ്ട കാര്യമല്ല. അങ്ങനെ കോടതിയിൽ ഹാജരാക്കുന്ന സന്ദർഭത്തിലാണ് ഇപ്പോൾ ഈ ഇടപെടൽ വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോഴും, ഇതിനുമുമ്പും എന്റെ അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞ സന്ദർഭത്തിലും ആവർത്തിച്ച് അദ്ദേഹം പത്രക്കാരോട് പറഞ്ഞിട്ടുള്ളതും ഒരു പ്രധാനപ്പെട്ട

പോയിന്റാണ്. ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി. എന്ന കേസ്സിന്റെ അടിസ്ഥാനത്തിലാണ് quick verification-നും തുടർന്നുള്ള നടപടികളും സ്വീകരിച്ചിരിക്കുന്നത് എന്ന്, അത് സമ്മതിച്ചിരിക്കുന്നു. ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി. എന്ന കേസ്സിന്റെ വിധി പുറപ്പെടുവിച്ചത് അന്നത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന ബഹുമാന്യനായ അദ്ദേഹം ഇന്ന് കേരള ഗവർണറാണ്. അദ്ദേഹം പുറപ്പെടുവിച്ച ആ വിധിയിലും ഇത്തരം കേസ്സുകളെ കൈകാര്യം ചെയ്യുന്നതിനെപ്പറ്റി വ്യക്തമായി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്നാമത്തെ കാര്യം, ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ നഗ്നമായ ലംഘനം ഈ കേസ്സിന്റെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞ വാദഗതിയുടെ ലംഘനം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ നേതൃത്വത്തിൽത്തന്നെ ഗൂഢാലോചന നടത്തി ലംഘിച്ചിരിക്കുകയാണ്. ചീഫ് ജസ്റ്റിസ് സദാശിവം ജഡ്ജിയായിരുന്ന സന്ദർഭത്തിലാണ് വിജിലൻസ് കേസ്സുകളുടെ അന്വേഷണവും കുറ്റപത്രം നൽകുന്നതിനുമുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം ഈ കേസ്സിന്റെ അടിസ്ഥാനത്തിൽ നൽകിയത്. ഈ വിധിയുടെ നിർദ്ദേശ പ്രകാരം ശ്രീ.

മാണിക്കെതിരെ എഫ്.ഐ.ആർ. എടുത്ത് അന്വേഷിച്ചുവരുന്ന ഈ കേസ്സിൽ കുറ്റപത്രം കൊടുക്കുന്നതിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥനെ തടസ്സപ്പെടുത്താൻ പാടില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ മുകളിൽ സമ്മർദ്ദം ചെലുത്താനോ ഉപദേശം നൽകാനോ സുപ്പീരിയർ ഓഫീസർ എന്നുള്ള നിലയിൽ വിജിലൻസിന്റെ മേലധികാരികൾക്ക് അന്വേഷണ ഉദ്യോഗസ്ഥന്റെ മുകളിൽ ചുമതല നിർദ്ദേശിക്കാൻ അധികാരമില്ല. ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിട്ടുള്ള ലളിതകുമാരി കേസ്സിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ ഈ കാര്യം പറഞ്ഞിട്ടുണ്ട്. അഥവാ ഈ കാര്യത്തിൽ ഇടപെടണമെങ്കിൽ കേസ് വിശദമായി അന്വേഷിക്കാൻ ഡയറക്ഷൻ കൊടുക്കാം. അതല്ലെങ്കിൽ കേസ് സ്വയം ഏറ്റെടുത്തുകൊണ്ട് അന്വേഷണം നടത്താനുമുള്ള അധികാരമുണ്ട്. തെളിവുകൾ ഇല്ലെന്ന് പറഞ്ഞുകൊണ്ട് വേണമെങ്കിൽ സമർപ്പിക്കാതെയും ഇരിക്കാം. എന്നാൽ അത് ഡയറക്ടാണ്. മുകളിൽനിന്ന് ചുമതലയെടുക്കുന്ന ഉദ്യോഗസ്ഥനാണത് ചെയ്യുന്നത്. ഈ രണ്ടു കാര്യങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. തുടർ അന്വേഷണത്തെക്കുറിച്ച് പറയുകയോ അന്വേഷണത്തിന് കേസ് ഏറ്റെടുക്കുന്ന എന്ന കാര്യത്തിൽ ഡിസിഷൻ എടുക്കുകയോ ചെയ്തിട്ടില്ല. ഈ

രണ്ടു കാര്യങ്ങളാണ് മേലുദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം നിർവ്വചിക്കുന്നത്. അല്ലാത്തിടത്തോളം കാലം പൂർണ്ണമായും ഇതിന്റെ ഉദ്യോഗസ്ഥൻ എന്നത് അന്വേഷണ ഉദ്യോഗസ്ഥനാണ്. ഇത് ചെയ്തു കഴിഞ്ഞാൽ സുപ്രീം കോടതി ജഡ്ജ്മെന്റിനെതിരായി വരുമെന്നറിയാവുന്നതുകൊണ്ട് വിജിലൻസ് ഡയറക്ടർ ഒരു നിയമോപദേശത്തിന്റെ തലത്തിലേയ്ക്ക് പോയി. എന്നിട്ട് എസ്.പി. വഴി കോടതിയിൽ കൊടുക്കാൻ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുകയാണ്. ഇങ്ങനെ അന്വേഷിക്കുന്നതിന്റെയും ഡയറക്ടർ ഉത്തരവാദിത്തം ഏറ്റെടുത്താൽ അതിന്റെ A to Z വരെയുള്ള കാര്യങ്ങളുടെയും പൂർണ്ണമായ ഉത്തരവാദിത്തം ഡയറക്ടർക്കായിരിക്കും. അപ്പോൾ ഡയറക്ടർ ഉത്തരവാദിത്വത്തിൽ നിന്ന് ഒരു ഭാഗത്തുനിന്ന് ഒഴിഞ്ഞുമാറുകയും കുറ്റക്കാരനാണെന്ന് കണ്ടെത്തി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥനെക്കൊണ്ട് കുറ്റക്കാരനല്ല ശ്രീ. മാണി എന്നുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്ന വളരെ തന്ത്രപരമായ ഒരു നിലപാടാണ് വിജിലൻസ് ഡയറക്ടർ ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെ പിന്നിൽ വിജിലൻസ് ഡയറക്ടറായിട്ടുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് നല്ല അഭിപ്രായങ്ങളും വ്യത്യസ്തമായ അഭിപ്രായങ്ങളുമുണ്ടാകാം. വിജിലൻസ്

ഉദ്യോഗസ്ഥന്റെ തല അദ്ദേഹത്തിന്റേതാണ്, പക്ഷേ, തലച്ചോറ് ബഹുമാനപ്പെട്ട മുഖ്യമന്തിയുടേതാണ്. തല അദ്ദേഹത്തിന്റെതാണെങ്കിലും തലച്ചോറ് അദ്ദേഹത്തിന്റെതല്ല. ഈ കാര്യത്തിൽ തീരുമാനം എടുത്തതിന്റെ പിന്നിലെ തലച്ചോറ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയുമെല്ലാം ഇടപെടലിന്റെ ഫലമായിട്ടാണ്. ഇങ്ങനെ പറയാൻ കാരണമെന്താണെന്നുവച്ചാൽ ബഹുമാനപ്പെട്ട കെ.എം മാണിയുടെ പ്രശ്നം ഈ സഭ ചർച്ച ചെയ്ത സമയത്തും അതിനുമുമ്പും ശേഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായിട്ട് പറഞ്ഞത് ഇക്കണ്ട പ്രസ്താവനയെല്ലാം നടത്തിയിട്ടും ഒരു തെളിവുപോലും ഹാജരാക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല എന്നാണ്. അപ്പോൾ അന്വേഷണം നടക്കുന്ന കാര്യത്തിന്റെ അന്വേഷണഘട്ടത്തിൽ ഒരു സംസ്ഥാനത്തിന്റെ ഭരണത്തലവൻ പരസ്യമായി പ്രഖ്യാപിക്കുകയാണ് യാതൊരു തെളിവും ഉണ്ടായിട്ടില്ല, ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ, മുഖ്യമന്ത്രി തെളിവില്ലെന്ന് പ്രഖ്യാപിച്ച ഒരു കാര്യത്തിന് അന്വേഷണ തെളിവുണ്ടെന്ന് സ്ഥാപിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷത്ത് അർത്ഥമാക്കുന്ന വിധത്തിലാണ് ഈ കാര്യത്തിൽ അദ്ദേഹം നടത്തിയിരിക്കുന്ന പ്രതികരണം. അന്വേഷണം നടക്കുന്ന സന്ദർഭത്തിൽ പൊതുഭരണവകുപ്പിന്റെകൂടി തലവനാണ് മുഖ്യമന്ത്രി.

അന്വേഷണം നടക്കുന്ന സന്ദർഭത്തിൽ അന്വേഷണത്തിന് യാതൊരു തെളിവുമില്ലെന്ന് ആവർത്തിച്ചാവർത്തിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പ്രഖ്യാപിച്ചതിലൂടെ മാണിസാറിനെതിരായി ഒരു വിധത്തിലും തെളിവ് ഹാജരാക്കാൻ ഒരുദ്യോഗസ്ഥനും മെനക്കെടേണ്ടതില്ല എന്ന ഭീഷണിയോ അല്ലെങ്കിൽ സൂചനയോ അല്ലെങ്കിൽ മുന്നറിയിപ്പോ എന്ന രൂപത്തിൽ അദ്ദേഹം അത് ആവർത്തിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ കേസ്സിന്റെ കാര്യത്തിൽ തല വിൻസെന്റ് എം. പോൾ, തലച്ചോറ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേത് എന്ന നിലയിലേയ്ക്കാണ് വരുന്നത് എന്ന്. ഈ കേസ് അന്വേഷിച്ച എസ്.പി. പരസ്യമായി പറഞ്ഞതെന്താണ്; മൂക്ക് കീഴോട്ടുള്ള എല്ലാ മനുഷ്യരും തലയ്ക്ക് കൈ വച്ച് ലജ്ജിക്കുന്ന വിധത്തിലുള്ള സമീപനമല്ലെ എടുത്തിരിക്കുന്നത്; അദ്ദേഹം പറഞ്ഞു എന്റെ മുകളിൽ ഒരുപാട് സമ്മർദ്ദങ്ങളുണ്ടായി. ആറുമാസക്കാലം കുടുംബവുമെല്ലാം ഉപേക്ഷിച്ച് ഉറക്കമൊഴിച്ചിരുന്ന് ഞാൻ ഈ ജോലികളെല്ലാം ചെയ്തു. സമ്മർദ്ദമുണ്ടായപ്പോൾ അവസാനം ആത്മഹത്യ ചെയ്താലെന്തെന്ന് ഞാൻ ചിന്തിച്ചു. ഒരു അന്വേഷണ ഉദ്യോഗസ്ഥൻ പരസ്യമായി കേരളത്തിലെ ജനങ്ങളോട് പറയാൻ ഇടവന്ന സാഹചര്യത്തിലേയ്ക്ക് എത്തിച്ചതിന്റെ ഉത്തരവാദിത്തം ആർക്കാണ്? അങ്ങനെ

എത്തിച്ചതിന്റെ ഉത്തരവാദിത്തം ആർക്കാണ്? ഒരു എസ്.പി., ആത്മഹത്യ ചെയ്യാൻ നിർബന്ധിതനായി എന്ന നിലയിലേയ്ക്ക് അദ്ദേഹം ഇടക്കാലത്തുവച്ച് ചിന്തിച്ചു എന്നാണ്. ലളിതകുമാരി കേസ്സിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതി നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശകതത്വങ്ങളുടെ ലംഘനമാണ് ഇവിടെയുണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ അതിന്റെ അടിസ്ഥാനത്തിലാണ് കേസ് എടുത്തിരിക്കുന്നതെങ്കിൽ അതിന്റെ ലംഘനമാണ് ഇപ്പോൾ പത്രവാർത്തകളിലൂടെ പുറത്തു വന്നിരിക്കുന്ന ഞെട്ടിപ്പിക്കുന്ന വിവരം. ബാറുടമകൾക്കുവേണ്ടി കോടതിയിൽ ഹാജരായ ഒരു വക്കീലിന്റെ ഉപദേശമെടുത്തത് ഏത് മാന്വൽ അനുസരിച്ചാണ്; ഏതു നിയമമനുസരിച്ചാണ്; ഏത് ചട്ടമനുസരിച്ചാണ് ഈ ഉപദേശം എടുത്തിട്ടുള്ളത്? യഥാർത്ഥത്തിൽ ഈ നിയമോപദേശം pale legal opinion ആണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു രാജ്യത്തിന്റെ ഭരണത്തലവന്മാർ എല്ലാതരത്തിലുമുള്ള അഴിമതി കാണിക്കുകയും പണം വാരിക്കൂട്ടുകയും കേസ്സിലകപ്പെട്ടുകഴിഞ്ഞാൽ പണം ചെലവാക്കി നിയമോപദേശം കൊണ്ടുവന്ന് രക്ഷപെടാമെന്നാണ് വിചാരിക്കുന്നതെങ്കിൽ ഈ പ്രബുദ്ധ കേരളം അത് അനുവദിച്ച് നൽകില്ലെന്ന കാര്യം ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ

രാജ്യത്തെ ജനാധിപത്യമൂല്യങ്ങൾക്കും സാംസ്കാരിക ധാർമ്മികമൂല്യങ്ങൾക്കും നിരക്കാത്ത വിധത്തിൽ ഭരണകൂടം നിയമ വ്യവസ്ഥയെ അട്ടിമറിയ്ക്കുന്നു, നിയമവാഴ്ചയെ വെല്ലുവിളിക്കുന്നു. എല്ലാ തരത്തിലുമുള്ള തെറ്റായ നടപടികൾ സ്വീകരിക്കുന്നു, അതിന് കൂട്ടുനിൽക്കുന്നു. ഈ അടുത്ത കാലത്ത് വന്ന വാർത്ത, മലയാളികളുടെ മാനത്തെ എല്ലാ നിലയിലും അപകീർത്തിപ്പെടുത്തുന്ന വിധത്തിലുള്ള, ഞെട്ടിപ്പിക്കുന്ന എത്രയോ വാർത്തകളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സരിത നായർ, ഈ സംസ്ഥാനത്തെ മന്ത്രിസഭയെക്കുറിച്ച് പറയുകയാണ്, ഒരാവശ്യവുമായി ഒരു സ്ത്രീ സമീപിച്ചുകഴിഞ്ഞാൽ ആ ആവശ്യത്തിന്റെ പിന്നാലെ പിടികൂടി ഉപയോഗപ്പെടുത്തിയതിനുശേഷം മറ്റുമന്ത്രിമാർക്ക് വീതംവയ്ക്കുന്ന ഒരനുഭവമാണുള്ളത്. അങ്ങനെ വന്നാൽ മാനാഭിമാനമുള്ള ഒരു ഗവൺമെന്റാണെങ്കിൽ ഒരു നിഷേധക്കുറിപ്പെങ്കിലും കൊടുക്കണ്ടേ? ഇതുപോലുള്ള വൃത്തികെട്ട രൂപത്തിലുള്ള വാർത്തകളാണ് വന്നുക്കൊണ്ടിരിക്കുന്നത്. സരിതാക്കേസ് അട്ടിമറിച്ചു. സരിതാക്കേസ് വന്ന സന്ദർഭത്തിൽ .... അതൊന്നുമല്ല, കൊടുക്കൽ-വാങ്ങൽ അടിസ്ഥാനത്തിൽ തീർന്നതാണ്. അവസാനം കോടതി ഇടപെട്ടു. ഇന്ന് സരിത ജയലിലാണ്.

ഇപ്പോൾ ഈ കേസ്സ് അട്ടിമറിക്കുന്നു. ബാർ കോഴക്കേസ് അട്ടിമറിയ്ക്കുന്നു. ഇവിടെ കോടതിയുണ്ട്, ഇവിടെ ജനാധിപത്യമുണ്ട്. ഇവിടെ ജനങ്ങളുണ്ട്, ജനങ്ങൾ ഇടപെടും, കോടതിയിൽ വിശ്വാസമുണ്ട്, കോടതി ഇടപെടും. സരിത ജയിലിൽ കിടക്കുന്നതുപോലെ, ബിജു രാധാകൃഷ്ണൻ ജയിലിൽ കിടക്കുന്നതുപോലെ ബന്ധപ്പെട്ട മന്ത്രിമാർ ജയിലിൽ പോകേണ്ടിവരുമെന്നുള്ള കാര്യം ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അത്രയും നാണംകെട്ടവിധത്തിൽ, അത്രയ്ക്ക് അപമാനകരമായ അവസ്ഥയിലേയ്ക്കാണ് ഈ സംസ്ഥാനത്തിന്റെ സ്ഥിതിവിശേഷം ചെന്നെത്തിയിരിക്കുന്നത്. ഇതിനുമുമ്പും പ്രശ്നങ്ങളുണ്ടായിട്ടുണ്ട്, കേസ്സിന്റെ പ്രശ്നമുണ്ടായിട്ടുണ്ട്. ലാവ്ലിൻ കേസുണ്ടായി. സഖാവ് പിണറായിക്ക് എതിരായിട്ടുള്ള അന്വേഷണം വന്നു. സി.ബി.ഐ.യ്ക്ക് കുറ്റപ്പത്രം കൊടുത്തു. അതിനെ ചോദ്യം ചെയ്തു. കോടതി ക്വാഷ് ചെയ്തു. അങ്ങനെ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കോടതിയിൽ മര്യാദയ്ക്ക് കൊടുക്കാൻ അനുവദിക്കാത്ത വിധത്തിൽ പണം കൊടുത്ത് fade legal advice എടുത്ത് ഈ സംസ്ഥാനത്തെ കബളിപ്പിക്കാമെന്ന് കരുതുന്നുണ്ടെങ്കിൽ ഈ സംസ്ഥാനം അതിന് നിന്നുതരില്ലെന്ന കാര്യം വളരെ വ്യക്തവും ശക്തവുമായി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തെ

സംബന്ധിച്ചിടത്തോളം എല്ലാ തരത്തിലും ഈ നാടിനെ അപകീർത്തിപ്പെടുത്തുന്ന, അപമാനകരമായിട്ടുള്ള ഒരു സ്ഥിതിവിശേഷത്തിലേക്കാണ് കേരളത്തെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. ഇവിടെ ജുഡീഷ്യൽ സ്കൂട്ടിനി നടത്തേണ്ടതാരാണ്? ജുഡീഷ്യറിയാണ്. സ്കൂട്ടിനി നടത്തേണ്ടത് ജുഡീഷ്യറിയാണ്. ജഡീഷ്യറിയ്ക്ക് വിട്ടുകൊടുക്കണം. അത് വിട്ടുകൊടുക്കാതെ ജുഡീഷ്യറിയുടെ തീരുമാനത്തെ തന്നെ എക്സിക്യൂട്ടീവ് ലംഘിക്കുന്നു. അതാണ് ലളിതകുമാരി കേസ്സിന്റെ വിധിയുടെ ആ മാർഗ്ഗ നിർദ്ദേശകതത്വത്തിൽ പറയുന്നതിന്റെ ലംഘനം നടത്തിക്കൊണ്ടാണ് വിജിലൻസ് ഡയറക്ടർ ഇടപെട്ടിരിക്കുന്നത്. വിജിലൻസ് ഡയറക്ടർ ഇടപെട്ടിരിക്കുന്നത് ഈ ലംഘനത്തിന്റെ അടിസ്ഥാനത്തിലാണ്. അപ്പോൾ ജുഡീഷ്യൽ സ്കൂട്ടിനി ജുഡീഷ്യറി നടത്തുന്നതിനു പകരം ഇവിടെ എക്സിക്യൂട്ടീവ് തന്നിഷ്ടംപോലെ നടത്തി റിപ്പോർട്ടുണ്ടാക്കി രക്ഷപ്പെടാൻ നോക്കുകയാണ്. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ എല്ലാ തരത്തിലും അപകീർത്തിപ്പെടുത്തുന്ന വിധത്തിലേയ്ക്ക് എത്തിച്ചേർന്നിട്ടുള്ള ഈ നടപടിയിൽ ചോദ്യം ചെയ്യാനും അങ്ങനെ ചോദ്യം ചെയ്തുകൊണ്ട് ജനങ്ങൾ നടത്തുന്ന ഒരു സമരം, ജനങ്ങൾ നടത്തുന്ന പോരാട്ടം കൂടുതൽ ശക്തിയായി മുന്നോട്ടു കൊണ്ടുപോകുകതന്നെ

ചെയ്യുമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയും നിയമവ്യവസ്ഥയെ അട്ടിമറിച്ചും നിയമവാഴ്ചയെ വെല്ലുവിളിച്ചും കോടതിയുടെ നിർദ്ദേശങ്ങളെ ഇല്ലാതാക്കുന്ന വിധത്തിലേയ്ക്ക് ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രവർത്തനത്തിലൂടെ നടത്തുന്ന ശ്രമങ്ങളെ ചോദ്യം ചെയ്തുകൊണ്ടും ധാർമ്മിക മൂല്യങ്ങൾക്കും നിയമവാഴ്ച സംരക്ഷിക്കാനും ജനാധിപത്യമൂല്യങ്ങൾക്കുംവേണ്ടിയുള്ള പോരാട്ടം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ഈ കേരളത്തിൽ തുടരുകതന്നെ ചെയ്യുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സഭാനടപടികൾ നിറുത്തിവെച്ച് ഇത് ചർച്ച ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എസ്. ശർമ്മ വസ്തുതകൾ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. ഈ കേസൽ നിഷ്പക്ഷവും നീതിപൂർവ്വവും സ്വതന്ത്രവുമായ അന്വേഷണം നടത്തണമെന്ന നിലപാടാണ് ആദ്യംമുതൽ സ്വീകരിച്ചത്. Lalitha Kumari Vs Government of UP എന്ന കേസിന്റെ അടിസ്ഥാനത്തിലാണ് ഈ കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചാണ് ലളിതകുമാരി കേസ്. ആ കേസിന്റെ അടിസ്ഥാനത്തിൽ, ഒരു cognizable offense ഉണ്ടോ ഇല്ലയോ എന്ന് പരിശോധിച്ചശേഷമാണ് എഫ്.ഐ.ആർ. എടുത്തത്. കേസിന്റെ

മെറിറ്റിലേയ്ക്ക് പോയിട്ടില്ല. ശ്രീ. എസ്. ശർമ്മയുടെ ആദ്യത്തെ വാദം ശരിയല്ല. കാരണം എഫ്.ഐ.ആർ.-രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചുമാത്രമാണ് ലളിതകുമാരി കേസ്സിൽ പറയുന്നത്. ഊഹാപോഹങ്ങളുടേയും മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടേയും അടിസ്ഥാനത്തിൽ ഒരു കേസന്വേഷണവും മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. കേസന്വേഷണം മുന്നോട്ടുപോകുന്നത് തെളിവുകളുടെ അടിസ്ഥാനത്തിലാണ്. കേസിൽ നിഗമനങ്ങളിലെത്തുന്നത് evidence-ന്റെ അടിസ്ഥാനത്തിലാണ്. ഞാൻ മാധ്യമങ്ങളെ ബഹുമാനിക്കുന്ന ആളാണ്. പക്ഷേ മാധ്യമങ്ങളിൽ വരുന്ന വാർത്തയുടെ പേരിൽ പോലീസിന്/ അന്വേഷണ ഏജൻസിക്ക് നടപടിയെടുക്കാനോ കുറ്റപത്രം നൽകാനോ കഴിയില്ല. അഭ്യൂഹങ്ങളുടെയും സംശയങ്ങളുടേയും അടിസ്ഥാനത്തിൽ ഒരിക്കലും കേസന്വേഷണം മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ല. തന്നെയുമല്ല, ഇത് കോടതിയുടെ സ്ക്രൂട്ടിനിക്ക് വിധേയമായ കേസ്സാണ്. കോടതി ഇതെല്ലാം പരിശോധിക്കുന്ന കാര്യമാണ്. 60 ശതമാനം തെളിവുണ്ട് എന്ന് ശ്രീ. എസ്. ശർമ്മ പറഞ്ഞു. അദ്ദേഹത്തിന് എവിടെനിന്നാണ് ഈ വിവരങ്ങൾ ലഭിച്ചത്; ഇതുസംബന്ധിച്ചുള്ള ഈ വിവരങ്ങൾ എവിടെ നിന്നുവരുന്നു; ഒരു ക്രിമിനൽ കേസ്സിൽ Proof beyond the reasonable doubt സംശയാതീതമായി

തെളിയിക്കപ്പെടണം. അല്ലാതെ കുറ്റം ആരോപിക്കുന്നത് ശരിയാണോ; അന്വേഷണ ഏജൻസി സി.ആർ.പി.സി.യുടെ 36-ാം വകുപ്പനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇവിടെ ശ്രീ. എസ്. ശർമ്മ ലീഗൽ ഒപ്പീനിയൻ തേടിയത് എന്തിനാണെന്ന് ചോദിച്ചു, എല്ലാ വിജിലൻസ് കേസ്സുകളിലും നിയമോപദേശം തേടാറുണ്ട്. വിജിലൻസിന്റെ 1984 ലെ 6/1984 നമ്പർ സർക്കുലർ പ്രകാരം വിജിലൻസിന് ഒരു നടപടിക്രമമുണ്ട്. വിജിലൻസിന്റെ നടപടിക്രമം അനുസരിച്ചാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. സി.ബി.ഐ. പ്രവർത്തിക്കുന്നത് സി.ബി.ഐ.-യുടെ നടപടിക്രമമനുസരിച്ചാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ വ്യക്തമായ നിയമോപദേശം തേടാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ കേസിൽ എഫ്.ഐ.ആർ. എടുത്തപ്പോൾ കേസ് എടുക്കണ്ടായെന്നും എടുക്കണമെന്നുമുള്ള രണ്ട് നിയമോപദേശം വന്നു. ഇതേ വിജിലൻസ് ഡയറക്ടറാണ് ലളിതകുമാരി കേസ്സിൽ cognizable offense ഉണ്ട്, എഫ്.ഐ.ആർ. എടുക്കാമെന്ന് പറഞ്ഞത്. അവിടെ നിയമോപദേശം നേടിയപ്പോൾ ആ നിയമോപദേശത്തെക്കുറിച്ച് പ്രതിപക്ഷത്തിന് വലിയ അഭിപ്രായമായിരുന്നു. നിയമോപദേശം നേടുക എന്നുള്ളത് എല്ലാ കാലഘട്ടത്തിലും സ്വീകരിക്കുന്ന സമീപനമാണ്. Kishan Bai Vs Government of Gujarat- എന്ന കേസിലെ സുപ്രീം കോടതിയുടെ വിധി പ്രകാരം തെളിവുകളുടെ

അടിസ്ഥാനത്തിൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാം എന്നത് സുപ്രീം കോടതിയുടെ latest verdict ആണ്. ഇവിടെ അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത് മാത്രമേ ചെയ്യാൻ പാടുള്ളൂവെന്നാണ് നിങ്ങൾ പറയുന്നത്. സി.ബി.ഐ.-യിലും വിജിലൻസിലും അങ്ങനെയൊരു നടപടിയില്ല. സമ്പത്ത് കസ്റ്റഡി മരണക്കേസ്സിൽ സി.ബി.ഐ. ഡയറക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഇടപെടേണ്ട, അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത് മാത്രം ചെയ്താൽ മതിയെന്ന് കേരള ഹൈക്കോടതി പറഞ്ഞു. ഇതിനെതിരെ സി.ബി.ഐ. സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. കേരള ഹൈക്കോടതിയുടെ ഈ ഉത്തരവിനെ സുപ്രീം കോടതി ക്വാഷ് ചെയ്തു. അതിൽ മേൽനോട്ടം വഹിക്കാൻ ഉന്നതരായ ഉദ്യോഗസ്ഥർക്ക് അവകാശമുണ്ടെന്ന് സുപ്രീം കോടതി പറഞ്ഞു. കോടതി ഈ കേസ് പരിഗണിക്കുമ്പോൾ ഡയറക്ടറോടാണ് കാര്യങ്ങൾ ചോദിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇപ്പോൾ അന്വേഷണം നടത്തിവരുന്ന ഈ കേസ്സിൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ തയ്യാറാക്കിയ വസ്തുതാപരമായ റിപ്പോർട്ട് തിരുത്തിയെഴുതി പുതിയൊരു റിപ്പോർട്ട് സമർപ്പിക്കണം എന്നൊരു നിർദ്ദേശം വിജിലൻസ് ഡയറക്ടർ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക്

നൽകിയിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടില്ല. Factual report പരിശോധിച്ച് നിയമവശങ്ങൾ പരിശോധിച്ച് അന്തിമ തീരുമാനെമടുക്കേണ്ടത് ഡയറക്ടറാണ്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്നപ്പോഴും ഇതുതന്നെയാണ് ചെയ്തിട്ടുള്ളത്. ഞാൻ അങ്ങേയ്ക്കൊരു കണക്ക് നൽകാം. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത്, ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ പ്രോസിക്യൂട്ട് ചെയ്യണമെന്നുപറഞ്ഞ ഇരുപത്തിയഞ്ചോളം കേസ്സുകൾ പ്രോസിക്യൂട്ട് ചെയ്യേണ്ട എന്ന് ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെയോ ഇടതുപക്ഷ മുന്നണിയെയോ കുറ്റം പറയുകയല്ല, നടപടിക്രമം അതാണ്. ഓരോ കേസുകൾ വരുമ്പോഴും .........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് കൺഫ്യൂസ് ചെയ്യരുത്. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ തയ്യാറാക്കിയ വസ്തുതാപരമായ റിപ്പോർട്ട് മാറ്റി മറ്റൊരു റിപ്പോർട്ട് എഴുതണമെന്ന് വിജിലൻസ് ഡയറക്ടർ നിർദ്ദേശിക്കണമെങ്കിൽ........ വേണമെങ്കിൽ ആ കേസ് വിജിലൻസ് ഡയറക്ടർക്ക് ഏറ്റെടുക്കാം, എന്നിട്ട് ആ കേസിൽ മാറ്റം വരുത്തുകയല്ലാതെ ഇങ്ങനെയൊരു

നിർദ്ദേശം നൽകാൻ എന്ത് അധികാരമാണ് വിജിലൻസ് ഡയറക്ടർക്കുള്ളത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, കൺഫ്യൂസ് ചെയ്യുന്നത് ഞാനല്ല, അങ്ങാണ്. വിജിലൻസ് ഡയറക്ടർ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ലെന്ന് ഞാൻ പറഞ്ഞല്ലോ. ഇവിടെ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ നൽകിയ നിഗമനങ്ങൾ എ.ഡി.ജി.പി. പരിശോധിക്കുന്നു, എ.ഡി.ജി.പി. നിയമോപദേശം നേടുന്നു. അദ്ദേഹം ആ നിയമോപദേശത്തോടുകൂടി ഡയറക്ടർക്ക് നൽകുന്നു. ഡയറക്ടർ നിയമോപദേശം നേടിയതിനുശേഷം അന്തിമമായി അദ്ദേഹത്തിന്റെ ഒപ്പീനിയൻ രേഖപ്പെടുത്തുന്നു. അദ്ദേഹം എന്താണ് പറഞ്ഞത് എന്ന് എനിക്കോ ഗവൺമെന്റിനോ അറിയില്ല. അക്കാര്യം ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് നൽകുന്നു. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറാണ് കോടതിയിൽ കൊടുക്കുന്നത്. ശ്രീ. എസ്. ശർമ്മ കാര്യം അറിയാതെ പറയുകയാണ്. അങ്ങ് ഇക്കാര്യം പറഞ്ഞുകൊടുക്കേണ്ടതായിരുന്നു. ഇതാണ് വിജിലൻസിന്റെ ചരിത്രത്തിലെ ഏത് കാലത്തേയും നടപടിക്രമം.

ശ്രീ. എസ്. ശർമ്മ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, ലളിതകുമാരി കേസ്സിൽ സുപ്രീംകോടതിയുടെ ജഡ്ജ്മെന്റിൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ ഡ്യൂട്ടിയെ സംബന്ധിച്ചും മുകളിൽനിന്ന് ഇടപെടൽ നടത്താൻ പാടില്ലെന്നുള്ള കാര്യത്തെക്കുറിച്ചും വിശദമായി പരാമർശിക്കുന്നുണ്ട്. രണ്ട് കാര്യങ്ങളാണ്

പറയുന്നത്, ഒന്ന്, ഡീറ്റയിൽഡ് എൻക്വയറി നിർദ്ദേശിക്കാം അല്ലെങ്കിൽ കേസ് സ്വയം takeover ചെയ്യാം. അങ്ങനെ ചെയ്തുകഴിഞ്ഞാൽ takeover ചെയ്യുന്ന ആൾക്കായിരിക്കും full responsibility. അത് നിർവ്വഹിക്കാതെ താഴെയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിപ്പിച്ചു എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങനെയല്ല. ലളിതകുമാരി കേസ് എന്താണ്? എഫ്.ഐ.ആർ. എങ്ങനെ എടുക്കണമെന്നതിനെ സംബന്ധിച്ചുമാത്രമാണ് ഭരണഘടനാബെഞ്ചിന്റെ വിധി. അങ്ങ് കാര്യങ്ങളറിയാതെ പറയരുത്. അതുപോലെതന്നെ ഞാൻ സമ്പത്ത് കേസ് വിശദീകരിച്ചത് എന്തിനാണ്? സമ്പത്ത് കേസ്സിൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെമേൽ സി.ബി.ഐ. ഡയറക്ടർ ഇടപെടാൻ പാടില്ലായെന്ന് ഹൈക്കോടതി പറഞ്ഞു. സി.ബി.ഐ. സുപ്രീംകോടതിയെ സമീപിച്ചു. അന്വേഷണ ഉദ്യോഗസ്ഥർക്ക് ഇടപെടാം, നടപടിക്രമങ്ങളുടെ മേൽനോട്ടം വഹിക്കാം എന്ന് സുപ്രീംകോടതി പറഞ്ഞു. അതേ നടപടിയാണ് ഇവിടെ വിജിലൻസ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ളത്. വിജിലൻസ് ഡയറക്ടർക്ക് അതിനുള്ള അധികാരമുണ്ട്. സർക്കുലർ മാത്രമല്ല, സി.ആർ.പി.സി. 36 അനുസരിച്ച് ഏത് ഉദ്യോഗസ്ഥനും സുപ്പീരിയർ ഓഫീസർക്കും

നിയമോപദേശം തേടാം. ശ്രീ. എസ്. ശർമ്മ ഇവിടെ നിയമോപദേശം നേടിയതിനെക്കുറിച്ച് പറഞ്ഞു. R. Sarala Vs. T.S. Velu എന്ന കേസ്സിൽ 13.04.2000-ൽ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് ഒരു വിധി പ്രഖ്യാപിച്ചിട്ടുണ്ട്. ആ വിധിയിൽ അന്വേഷണ ഉദ്യോഗസ്ഥനും മറ്റ് ഉദ്യോഗസ്ഥർക്കും തങ്ങൾക്ക് ബോദ്ധ്യമുള്ള നിയമവിദഗ്ദ്ധന്റെ ഉപദേശം ആരായാമെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കുന്നുണ്ട്. പ്രസക്തഭാഗം- " .......It is always opened to any officer including any investigating officer to get the best legal opinion on any Legal aspect concerning the preparation of any report." Sarala Vs. T.S. Velu എന്ന കേസ്സിൽ ഏത് ഉദ്യോഗസ്ഥനും ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുൻപ് നിയമോപദേശം തേടാമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യമാണ് വിജിലൻസ് ഡയറക്ടറും എ.ഡിജി.പി.-യും ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറും ഇവിടെ ചെയ്തിട്ടുള്ളത്. ഇവിടെ അസാധാരണമായൊരു നടപടിയും ഉണ്ടായിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ കേസിൽ സുപ്രീം കോടതിയിൽ ബാറുടമകൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ നാഗേശ്വരറാവുവിൽ നിന്നൊരു നിയമോപദേശം തേടിയിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ കേസ് പത്രത്തിൽ വന്നപ്പോൾ ഞാൻ വിജിലൻസ് ഡയറക്ടറുമായി സംസാരിച്ചു. അദ്ദേഹം രണ്ടുകാര്യങ്ങൾ ചെയ്തിരുന്നു. ഒന്ന്, സംസ്ഥാനത്തെ നിയമ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയാണ് ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതുകൊണ്ട് സംസ്ഥാനത്തെ എ.ജി.-യിൽനിന്നോ, മറ്റ് ഉദ്യോഗസ്ഥരിൽനിന്നോ നിയമോപദേശം തേടേണ്ട എന്നാണ് വിജിലൻസ് ഡയറക്ടർ തീരുമാനിച്ചത്. അദ്ദേഹം അറ്റോർണി ജനറലിന്റെയും സോളിസിറ്റർ ജനറലിന്റെയും നിയമോപദേശം തേടാൻ ശ്രമിച്ചപ്പോൾ അവർ അത് നിഷേധിക്കുകയാണുണ്ടായത്. സംസ്ഥാനത്തെ നിയമ വകുപ്പുമന്ത്രി ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് എ.ജി.-യുടേയോ, അഡീഷണൽ എ.ജി.-യുടേയോ ഒപ്പീനിയൻ വേണ്ടായെന്ന് തീരുമാനിക്കുകയും സോളിസിറ്റർ ജനറൽ, അറ്റോർണി ജനറൽ എന്നിവരുടെ അഭിപ്രായം തേടാൻ ശ്രമിക്കുകയും ചെയ്തു. മൂന്നുതവണ കത്ത് അയച്ചെങ്കിലും അവരാരും നിയമോപദേശം തന്നില്ല. ആ സന്ദർഭത്തിലാണ് സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരായ ശ്രീ. മോഹൻ പരാശരന്റെയും നാഗേശ്വര റാവുവിന്റെയും അഭിപ്രായം തേടിയത്. ആരാണ് ഈ നാഗേശ്വര റാവു? ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ലോട്ടറി കേസ്സിൽ രണ്ടുതവണ ഹാജരായ ആളാണ് നാഗേശ്വരറാവു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു അഭിഭാഷകനെന്നുള്ള നിലയിൽ ശ്രീ. നാഗേശ്വര റാവുവിൽനിന്നും പല ആളുകളും നിയമോപദേശം വാങ്ങുന്നുണ്ടാകാം. പക്ഷേ ഈ കേസിൽ ശ്രീ. കെ. എം. മാണിക്ക് അനുകൂലമായി മൊഴി കൊടുത്തിട്ടുള്ള ബാർ ഉടമകൾക്കുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ വക്കീലാണ് നാഗേശ്വര റാവു. അങ്ങനെയുള്ള ഒരാളിൽനിന്നും നിയമോപദേശം വാങ്ങിയത് എന്തിനുവേണ്ടിയാണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ഹൈക്കോടതിയിലും വർക്കുചെയ്യുന്ന വക്കീലന്മാർ വിവിധ കേസ്സുകളിൽ അപ്പിയർ ചെയ്യാറുണ്ട്, അവർ വിവിധ കേസ്സുകൾ ഏറ്റെടുക്കാറുമുണ്ട്. അതുകൊണ്ട് അങ്ങ് പറഞ്ഞ അഭിപ്രായം തന്നെയാണ് എന്റെയും അഭിപ്രായം. ശ്രീ. വി. എസ്. അച്യുതാനന്ദനുവേണ്ടി ഹാജരായ ശ്രീ. നാഗേശ്വര റാവു ബാറുടമകൾക്കുവേണ്ടിയും ഹാജരായിട്ടുണ്ട്. എന്നാൽ ബാറുടമകളെ സഹായിക്കാനല്ല അദ്ദേഹം ഈ നിയമോപദേശം കൊടുത്തത്, അവർക്കെതിരായ കേസിലാണ് നിയമോപദേശം കൊടുത്തത്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മിസ്റ്റർ രമേശ് ചെന്നിത്തല, ഈ ബാറുടമകളാണ് ശ്രീ. കെ. എം. മാണിക്ക് അനുകൂലമായി മൊഴികൊടുത്തത്.

അവരുടെ അഭിഭാഷകനെത്തന്നെ ഈ കേസ്സിനായി തേടിപ്പോകേണ്ട കാര്യമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഏതായാലും കേസിന്റെ മെറിറ്റിലേയ്ക്ക് എന്നെ കൊണ്ടുപോകാൻ നോക്കേണ്ട, ഞാൻ അതിലേയ്ക്ക് പോകില്ല. നാഗേശ്വര റാവുവിന്റെ അഭിപ്രായം തേടിയിട്ടുണ്ട്, മോഹൻ പരാശരന്റെ അഭിപ്രായവും തേടിയിട്ടുണ്ട്. കേരളത്തിൽ പ്രമാദമായൊരു മറ്റൊരു കേസ്സിൽ, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ 01-04-2011-ൽ 161/VIP(CM)/2011 കത്ത് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ. വിൻസൺ എം. **പോ**ളിനോട് ഇന്ന അഭിഭാഷകനെന്ന് പേര് പറഞ്ഞ്,- ശ്രീ. ശാന്തിഭൂഷണനെ പോയി കാണണമെന്നും നിയമോപദേശം തേടണമെന്നും പറഞ്ഞിട്ടുണ്ട്. ശ്രീ. വിൻസൺ എം. പോൾ അത് അനുസരിച്ചില്ലേ? അങ്ങനെ ഇന്ന അന്വേഷണ ഉദ്യോഗസ്ഥനോട് നിയമോപദേശം ആവശ്യപ്പെടാൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായ ഞാനോ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയോ മുന്നോട്ടുവന്നില്ല .........(ബഹളം)..........

ശ്രീ. സി. ദിവാകരൻ: സർ, യാതൊരു തെളിവുകളുമില്ലാതെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന് തോന്നിയതുപോലെ പറയുകയാണ്. ..........(ബഹളം)..........

ശ്രീ. രമേശ് ചെന്നിത്തല: സർ, തോന്നിയതുപോലെ പറയുന്നതല്ല, എന്റെ കയ്യിൽ തെളിവുണ്ട്, ഞാൻ ഇത് സഭയുടെ മേശപ്പുറത്തുവയ്ക്കാം.........(ബഹളം)..........

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. രമേശ് ചെന്നിത്തല ശ്രീ. കെ. എം. മാണിക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് സുപ്രീം കോടതി വിധിയും അതുപോലെ പല വിധിയും ഉദ്ധരിച്ചുകൊണ്ട് എവിടെയൊക്കെ നിയമോപദേശം തേടാം, എവിടെയൊക്കെ മേലുദ്യോഗസ്ഥർക്ക് ഇടപെടാം എന്ന കാര്യത്തെ സംബന്ധിച്ച് പറയുകയുണ്ടായി. റിപ്പോർട്ട് തയ്യാറാക്കുംമുമ്പ് അന്വേഷണ ഉദ്യോഗസ്ഥന് നിയമോപദേശം തേടാവുന്നതാണ്. റിപ്പോർട്ട് സമർപ്പിക്കുംവരെ അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥന്മാർക്ക് മേൽനോട്ടം വഹിക്കാവുന്നതാണ്. എന്നാൽ ഈ കേസ്സിൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടശേഷം ഇടപെടലും നിയമോപദേശം തേടലും നടത്തിയിരിക്കുകയാണ്, അത് നിയമവിരുദ്ധമാണ്. അങ്ങ് പറഞ്ഞ കാര്യം തെറ്റാണോ ശരിയാണോ എന്നുള്ളത് വ്യക്തമാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗം കാര്യമറിയാതെയാണ് ഇവിടെ സംസാരിച്ചത്. ഈ കേസിൽ ഇതുവരെ ആരും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഇക്കാര്യം തന്നെയാണ് ബഹുമാനപ്പെട്ട സ്പീക്കറും പറഞ്ഞത്. ഇന്ന അഭിഭാഷകനെ കണ്ട് നിയമോപദേശം തേടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ അന്നത്തെ ക്രൈം ബ്രാഞ്ചിന്റെ മേലധികാരി ശ്രീ. വിൻസൺ എം. പോളിന് കൊടുത്ത കത്ത് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. നിങ്ങൾക്ക് വേണമെങ്കിൽ ഈ കത്ത് പരിശോധിക്കാം. മുഖ്യമന്ത്രിയോ ആഭ്യന്തര വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാനോ ഇന്ന ആളിനോട് നിയമോപദേശം തേടണമെന്ന് ആവശ്യപ്പെട്ടിട്ടില്ല, ഞങ്ങളാരും ഇതിൽ ഇടപെട്ടിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച ആ പർട്ടിക്കുലർ കേസിൽ, ആ കേസ്സുമായി ബന്ധപ്പെട്ട പ്രതിക്കുവേണ്ടി ശാന്തിഭൂഷൺ കോടതിയിൽ ഹാജരായിരുന്നോ? ശ്രീ. ശാന്തിഭൂഷൺ അങ്ങനെയൊരു കേസിൽ ഹാജരായിട്ടില്ല. ഈ കേസിൽ ശ്രീ. കെ. എം. മാണിക്ക് അനുകൂലമായി തെളിവുകൊടുത്ത അഭിഭാഷകനെ, ഒരു ബാറുടമസ്ഥന്റെ വക്കീലിനെത്തന്നെ നിങ്ങൾ തേടിപ്പിടിച്ചു. അതാണ് ഇവിടത്തെ പ്രശ്നം. ..........(ബഹളം)..........

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അല്ല...... അല്ല.... .........(ബഹളം).......... ഇന്ന അഭിഭാഷകനെ കണ്ട് ഈ കേസിൽ നിയമോപദേശം തേടണമെന്ന്

അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് ശരിയായ നടപടിയാണോ; മുഖ്യമന്ത്രി ശരിയല്ല ചെയ്തത്. ..........(ബഹളം) ...............ഞാൻ പറയട്ടെ, എന്നെ മറുപടി പറയാൻ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാനുള്ളത് പറയട്ടെ. അദ്ദേഹം മറുപടി പറഞ്ഞതിനുശേഷം നിങ്ങൾക്ക് പറയാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. എൽ. നാഗേശ്വ രറാവു യു.പി.എ. ഗവൺമെന്റിന്റെ കാലത്തും ഇപ്പോഴത്തെ എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്തും അഡീഷണൽ സോളിസിറ്റർ ജനറലായിരുന്നു. അദ്ദേഹം ജയലളിത കേസ് വാദിക്കാൻവേണ്ടി മാത്രം ഇപ്പോൾ രാജിവച്ച് പോയ ആളാണ്. നിരവധി തവണ ശ്രീ. വി.എസ്. അച്യുതാനന്ദൻ അദ്ദേഹത്തിന്റെ നിയമോപദേശം തേടിയിട്ടുണ്ട്, ലോട്ടറി കേസിൽ അദ്ദഹം അപ്പിയർ ചെയ്തിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞുതന്നെയാണ് എന്റെയും അഭിപ്രായം. അദ്ദേഹമൊരു ലീഗൽ ലുമിനറിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായം തേടുക മാത്രമാണ് നമ്മൾ ചെയ്തിട്ടുള്ളത്. ഓരോ കേസിലും വക്കീലൻമാർ ഹാജരാകുന്നതിന്റെ

അടിസ്ഥാനത്തിൽ അവരുടെ നിയമോപദേശത്തെ വിലയിരുത്തുന്നത് ശരിയായ നടപടിയല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നിൽ കൂടുതൽ നിയമോപദേശം ഇക്കാര്യത്തിൽ തേടിയിട്ടുണ്ട്. പക്ഷേ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, തെളിവുകളുടെയും വിശദാംശങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർക്ക് ഉത്തമ ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ കേസ്സിൽ തീരുമാനമെടുത്തിട്ടുള്ളത്. തീരുമാനമെന്താണെന്ന് എനിക്കറിയില്ല. ഇതേ വിജിലൻസ് ഡയറക്ടർ തന്നെയാണ് എഫ്.ഐ.ആർ. എടുക്കാനും ക്വിക്ക് വെരിഫിക്കേഷനും തീരുമാനിച്ചത്. തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ വിജിലൻസിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലോ, തെളിവില്ലാതെ ആരെങ്കിലും എന്തെങ്കിലുമൊക്കെ പറയുന്നതിന്റെ അടിസ്ഥാനത്തിലോ നടപടി സ്വീകരിക്കാൻ കഴിയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട അങ്ങ് വിജിലൻസ് നടത്തിയിട്ടുള്ള ഒരു അന്വേഷണത്തിലും ഇടപെട്ടിട്ടില്ല എന്ന് പറയുന്നത് ഞങ്ങൾ

മുഖവിലയ്ക്കെടുക്കാം. എന്നാൽ ഈ നിലപാട് കൈക്കൊണ്ടതിന്റെ പേരിൽ യു.ഡി.എഫ്.-ൽ നിന്നും കോൺഗ്രസിൽനിന്നും കടുത്ത സമ്മർദ്ദമാണ് എനിക്ക് അനുഭവിക്കേണ്ടി വന്നതെന്ന് അങ്ങ് ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇത് ശരിയാണോ? അങ്ങനെയാണെങ്കിൽ കോൺഗ്രസിലെ ഏത് നേതാവിൽനിന്നാണ് സമ്മർദ്ദമുണ്ടായതെന്ന് അങ്ങ് പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു അന്വേഷണം നടന്നിട്ടുള്ളത്. സ്വാഭാവികമായി സമ്മർദ്ദങ്ങൾ ഉണ്ടാകുന്നുണ്ട്. ആ സമ്മർദ്ദങ്ങൾക്ക് ഞാൻ വഴങ്ങിയിട്ടില്ല..... ......(ബഹളം)......... ആ സമ്മർദ്ദങ്ങൾക്ക് ഞാൻ വഴങ്ങിയിട്ടില്ല..... .......(ബഹളം) ..........അതുപോലെതന്നെ.......

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ......

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ പറയട്ടെ ..... (ബഹളം).......

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ് ..... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ ..... ...(ബഹളം) ......

(സമർദ്ദം ചെലുത്തിയ കോൺഗ്രസ് നേതാവിന്റെ പേര് പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഇരിപ്പിടങ്ങളിൽനിന്നെഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മന്ത്രിയെ സംസാരിക്കാൻ അനുവദിക്കണം. നിങ്ങളുടെ സംശയത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത് നിങ്ങൾ കേൾക്കണം. …… (ബഹളം) ……

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇരിക്കണം. ഞാൻ മറുപടി പറയാം.

മി. സ്പീക്കർ : പ്ലീസ് …. പ്ലീസ് …..

(അംഗങ്ങൾ അവരവരുടെ സീറ്റിൽ ഇരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത്തരമൊരു കേസുണ്ടാകുമ്പോൾ, കേസ് തന്നെയൊരു സമ്മർദ്ദമാണ്. അത് സ്വാഭാവികമല്ലേ? ഈ കേസിനെ സബന്ധിച്ചിടത്തോളം ഇതിൽ ഒരു തരത്തിലും സർക്കാർ ഇടപെട്ടിട്ടില്ല. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമേ നടന്നിട്ടുള്ളൂ. അതുകൊണ്ട് ഈ കേസ്സിൽ

പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാട് തികച്ചും അപഹാസ്യമാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ കേസ് ഒരു സമ്മർദ്ദംകൊണ്ട് വന്നതാണ്, നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത കേസല്ല എന്ന് പറഞ്ഞിരിക്കുകയാണ്. എന്നുപറഞ്ഞാൽ, ഈ നടപടിയെല്ലാം നിയമവിരുദ്ധമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാന ചരിത്രത്തിലെ വളരെ അത്യപൂർവ്വമായ കേസ്സാണ് ഇത്. ഈ കേസ്സിൽ സർക്കാർ നീതിപൂർവ്വമേ പ്രവർത്തിച്ചിട്ടുള്ളൂ. സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഈ കേസിൽ ഞാനോ മുഖ്യമന്ത്രിയോ ഗവൺമെന്റോ ഒരു തരത്തിലുള്ള ഇടപെടലും നടത്തിയിട്ടില്ല. ഇത് നീതിപൂർവ്വമായി നടത്തിയ അന്വേഷണമാണ്. പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ പൊള്ളയായിപ്പോകുന്നതിന് ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എ.കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ .... അങ്ങ് ഫെയ്സ്

ബുക്കിൽ വെളിപ്പെടുത്തിയ കാര്യം ശരിയാണെങ്കിൽ ആരിൽനിന്ന് എപ്പോഴാണ് സമ്മർദ്ദമുണ്ടായതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുകയും ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഡയറക്ഷൻ നൽകുകയും വേണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബാർ കോഴക്കേസ് അട്ടിമറിക്കുമെന്ന് തുടക്കം മുതൽതന്നെ ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നത് ഇപ്പോൾ ശരിയാണെന്ന് തെളിഞ്ഞിരിക്കുകയാണ്. ശ്രീ. കെ. എം. മാണിക്കെതിരെ ഒരു തെളിവുമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞതിന്റെയും മാണി സേഫ് ആണ് എന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതിന്റെയും ഗുട്ടൻസ് ഇതാണെന്ന് ഞങ്ങൾ പണ്ടേ പറഞ്ഞതാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും അത് സ്വന്തം പ്രവൃത്തികൾകൊണ്ട് തെളിയിച്ചിരിക്കുകയാണ്. കോഴ കൊടുത്തയാൾ കൊടുത്തു എന്നുപറയുന്നു, കൊടുത്ത തുക, കൈമാറിയ സ്ഥലം, അതിന്റെ സമയം, പണം കൊണ്ടുപോയ വാഹനത്തിന്റെ നമ്പർ, പണം വാങ്ങുന്നത് കണ്ട സാക്ഷി എന്നിവ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വ്യക്തമാക്കിയതാണ്. പണം കൈമാറിയ സംഭവത്തിലെ സാക്ഷിയുടെ നുണപരിശോധനാഫലം വന്നപ്പോഴും കോഴ

കൈമാറിയത് സ്ഥിരീകരിക്കപ്പെട്ടതാണ്. ഇങ്ങനെയൊരു സ്ഥിരീകരണമുണ്ടായാൽ ഇതുമായി ബന്ധപ്പെട്ട തൊണ്ടി കണ്ടെടുക്കുക എന്നതാണ് സാധാരണഗതിയിൽ അന്വേഷണ സംഘം ചെയ്യേണ്ടത്. അത് എന്തുകൊണ്ട് ചെയ്തില്ല? ശ്രീ. കെ. എം. മാണിയുടെ വീട് റെയ്ഡ് ചെയ്യുകയും മാണിയുടെയും കുടുംബത്തിന്റെയും ബന്ധുക്കളുടെയുമൊക്കെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിക്കുകയും ചെയ്തിരുന്നുവെങ്കിൽ കോഴയായി കൈപ്പറ്റിയ പണം എവിടെപ്പോയി എന്ന് കണ്ടെത്താമായിരുന്നു. എന്തുകൊണ്ട് വിജിലൻസ് സംഘം ഇത്തരത്തിലൊരു പരിശോധന നടത്തിയില്ല; ചുരുങ്ങിയ പക്ഷം നോട്ട് എണ്ണുന്ന യന്ത്രമെങ്കിലും കസ്റ്റഡിയിലെടുക്കാമായിരുന്നില്ലേ; ഒരു പാവപ്പെട്ട സർക്കാരുദ്യോഗസ്ഥനെ സംബന്ധിച്ചാണ് ഇതുപോലൊരു ആക്ഷേപം വന്നിരുന്നതെങ്കിൽ എങ്ങനെയായിരുന്നു വിജിലൻസ് ഉദ്യോഗസ്ഥർ പെരുമാറുക; ഊണിലും ഉറക്കത്തിലുമൊക്കെ നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന് തട്ടിവിടുന്ന ആളല്ലേ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി? ഇപ്പോൾ നിയമം നിയമത്തിന്റെ വഴിക്ക് പോയില്ല എന്നുമാത്രമല്ല അത് ഉമ്മൻ ചാണ്ടിയുടെയും കെ. എം. മാണിയുടെയും കെ. ബാബുവിന്റെയുമൊക്കെ വഴിക്കാണ് പോകുന്നതെന്ന് മനസ്സിലായി. ഇപ്പോൾ 'നിയമത്തിന്റെ വഴി ഉമ്മൻ ചാണ്ടിയുടെ വഴി' എന്ന ഒരു ചൊല്ല് തന്നെ

രുപപ്പെട്ടിരിക്കുകയാണ്. അന്വേഷണം നടത്തി തെളിവുകൾ കണ്ടെത്തിയ ഉദ്യോഗസ്ഥൻ പറയുന്നത്, ബാർ കോഴക്കേസിൽ കുറ്റപത്രം സമർപ്പിക്കാൻ 60 ശതമാനം തെളിവുകളുണ്ടെന്നാണ്. ഇത് കേട്ടപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. കെ. എം. മാണിക്കും എന്തോ ഒരു ഇത്. അത് പരിഹരിക്കാനാണെന്ന് തോന്നുന്നു, വിജിലൻസ് ഡയറക്ടർ നിയമോപദേശം തേടിയത്. ഏത് വകുപ്പനുസരിച്ചാണ് ഇങ്ങനെ നിയമോപദേശം തേടിയതെന്ന് ആരും ചോദിച്ചുപോകരുത്. കാരണം, ശ്രീ. കെ. എം. മാണിയല്ലേ നിയമ വകുപ്പുമന്ത്രി. ശ്രീ. കെ. എം. മാണി നിയമവകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ട് അദ്ദേഹത്തിന് നിയമം എങ്ങനെയും അമ്മാനമാടാൻ കഴിയുമെന്നാണ് വിജിലൻസ് ഡയറക്ടർ വിചാരിക്കുന്നത്. അല്ലെങ്കിൽ അദ്ദേഹം ഇത്തരത്തിൽ ഒരു വങ്കത്തരം കാട്ടുമായിരുന്നോ? എന്തായിരുന്നു അദ്ദേഹം കാട്ടിയ വങ്കത്തരം? കോഴക്കേസ്സിൽ ശ്രീ. കെ. എം. മാണിയെ രക്ഷിക്കാൻ വേണ്ടി കള്ളത്തരങ്ങൾ പറയുന്ന ചില ബാർ ഉടമകളുടെ വക്കീലാണ് അദ്ദേഹം. അതുകൊണ്ട് അദ്ദേഹത്തിന് ശ്രീ. കെ. എം. മാണിയെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള ഉപദേശം എങ്ങനെ നൽകാൻ കഴിയും? ശ്രീ. കെ. എം. മാണിയെ രക്ഷിക്കാൻ പണ്ടേതന്നെ അച്ചാരം വാങ്ങിയ നാഗേശ്വര റാവുവിനെ തന്നെ നിയമോപദേശത്തിന് കണ്ടുപിടിച്ച വിജിലൻസ് ഡയറക്ടർ ശ്രീ. വിൻസൻ എം. പോളിന്റെ കുശാഗ്ര ബുദ്ധി

അപാരം തന്നെ. എന്തൊരു യജമാനഭക്തി. അദ്ദേഹം എങ്ങനെ വങ്കത്തരം കാട്ടാതിരിക്കും. ഭീമൻ വങ്കത്തരം കാട്ടുന്ന മന്ത്രിമാർ നിയന്ത്രിക്കുമ്പോൾ അദ്ദേഹം വങ്കത്തരം കാട്ടിയില്ലെങ്കിലേ അത്ഭുതമുള്ളൂ. എങ്ങനെയാണ് ഈ നിയമോപദേശകനെ കണ്ടെത്തിയത്? വിജിലൻസ് ഡയറക്ടർ ശ്രീ. വിൻസൻ എം. പോൾ, മാജിക്കുകാരൻ ശൂന്യതയിൽ നിന്നും സാധനങ്ങൾ എടുക്കുന്നതുപോലെയല്ലേ ശ്രീ. കെ. എം. മാണിയെ വിശുദ്ധനാക്കുന്ന നിയമോപദേശകനെ കണ്ടെത്തിയത്. ഏതായാലും വിൻസൻ എം. പോളും ഒരു മജീഷ്യൻ തന്നെയാണെന്ന് മനസ്സിലായി. വിജിലൻസ് ഡയറക്ടർ, മജീഷ്യൻ വിൻസൻ എം. പോളിന്റെ മാജിക് കെങ്കേമവും ഗംഭീരവും തന്നെ. ബാർക്കോഴ കേസ്സിൽ നിന്ന് ശ്രീ. കെ. എം. മാണിയെ രക്ഷിക്കാമെന്നത് നിങ്ങളുടെ മുൻകൂട്ടിയുള്ള തീരുമാനമായിരുന്നു. വിധി പ്രസ്താവിച്ചതിനുശേഷം അന്വേഷണമെന്ന പേരിൽ ഒരു പ്രഹസനം നടത്തുകയായിരുന്നു. ശ്രീ. കെ. എം. മാണി, കോഴ വാങ്ങി പണമുണ്ടാക്കിയതിന് സമാന്തരമായി അദ്ദേഹത്തിന്റെ പേരിൽ വിജിലൻസ് ഉദ്യോഗസ്ഥരും ജനങ്ങളുടെ പണം ധൂർത്തടിക്കുകയാണ് ചെയ്തത്. ശ്രീ. കെ. എം. മാണിയുടെ ബാർക്കോഴ കേസ്സിൽ മാത്രമല്ല, ശ്രീ. കെ. ബാബുവിന്റെ കേസ്സിലും സംഭവിക്കാൻ പോകുന്നത് ഇതുതന്നെയാണ്. ശ്രീ. കെ. എം. മാണിയെ എഫ്.ഐ.ആർ.

രേഖപ്പെടുത്തിയതിനുശേഷം രക്ഷപ്പെടുത്തിയെങ്കിൽ ശ്രീ. കെ. ബാബുവിനെ എഫ്.ഐ.ആർ. ഇല്ലാതെ തന്നെ രക്ഷിച്ചുവെന്ന വ്യത്യാസമേയുള്ളൂ. കഴിഞ്ഞ ദിവസം കൈക്കൂലി വാങ്ങിയതിന് എറണാകുളം ജില്ലയിലെ എ.ഡി.എം.-നെ വിജിലൻസ് അറസ്റ്റ് ചെയ്ത വാർത്ത നമ്മൾ വായിച്ചതാണ്. ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്നാണ് കേസ്സിൽ പറയുന്നത്. ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങിയ ആളിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി, ജയിലിലാക്കുന്നു. ഒരു കോടി രൂപ കോഴ വാങ്ങിയ ആളിനെ വിജിലൻസ് സല്യൂട്ട് ചെയ്തുനിൽക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിൽ മാത്രമാണ് ഇങ്ങനെ സംഭവിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയും ശ്രീ. കെ. ബാബുവും കോഴ വാങ്ങിയ കോടികൾ കൊണ്ട് എന്താണ് ചെയ്തത്? പണത്തിന്റെയും അധികാരത്തിന്റെയും പത്രാസ്സിൽ ഞെളിഞ്ഞ് നടക്കുന്നതല്ലാതെ ഒരു ദിവസമെങ്കിലും നിങ്ങൾക്ക് സ്വസ്ഥമായി ഉറങ്ങാൻ കഴിയുന്നുണ്ടോ? പിന്നെന്തിനാണ് ഈ ജനതയുടെ മുഴുവൻ ശാപവാക്കുകളും ഏറ്റുവാങ്ങി തിന്നുമദിച്ച് നടക്കുന്നത്. കൈക്കൂലിയും കോഴയിലും സകലകള്ളത്തരങ്ങളിലും വിരാജിക്കുന്ന ശ്രീ. കെ. എം. മാണി, വലിയ വിശ്വാസിയും ദൈവഭക്തനുമല്ലേ. കൊള്ളരുതായ്മകൾ ചെയ്തിട്ട് ദൈവത്തെ പ്രാർത്ഥിച്ചതുകൊണ്ട് എന്താണ് കാര്യം. ശ്രീ. കെ. എം. മാണിയുടെയും ശ്രീ. ഉമ്മൻ

ചാണ്ടിയുടെയും ശ്രദ്ധ ഞാൻ ബൈബിളിലെ മത്തായിയുടെ സുവിശേഷത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. മത്തായിയുടെ സുവിശേഷം 18-ാം അദ്ധ്യായം, വാക്യം- 8, 9 ഇങ്ങനെ പറയുന്നു. 'നീയോ നിന്റെ കാലോ നിനക്ക് പാപഹേതുവാകുന്നെങ്കിൽ അത് വെട്ടിയരിഞ്ഞ് കളയുക'. മത്തായി പറയുന്നതാണ്, വി.എസ്. അച്ചുതാനന്ദൻ പറയുന്നതല്ല. ഇരുകൈകാലുകൾ ഉള്ളവനായി നിത്യാഗ്നിയിൽ എരിയുന്നതിനെക്കാൾ നല്ലത് അംഗവിഹീനനോ മുടന്തനോ ആയി ജീവനിലേയ്ക്ക് പ്രവേശിക്കുന്നതാണ്. 'നിന്റെ കണ്ണ് ദുഷ്പ്രേരണയ്ക്ക് കാരണമാകുന്നെങ്കിൽ അത് ചൂഴ്ന്ന് എറിഞ്ഞുകളയുക'. ഇരു കണ്ണുകളുമായി നരകാഗ്നിയിൽ എറിയപ്പെടുന്നതിനേക്കാൾ നല്ലത് ഒരു കണ്ണുമായി ജീവനിലേയ്ക്ക് പ്രവേശിക്കുന്നതല്ലേ. ബൈബിൾ ഉരുവിട്ട് പഠിച്ചിട്ടുള്ള ശ്രീ. കെ. എം. മാണി ഇതിൽ ഏത് വഴിയാണ് സ്വീകരിക്കാൻ പോകുന്നത്. ജീവനിലേയ്ക്ക് പ്രവേശിക്കലാണോ,......(ബഹളം).....അതോ നരകാഗ്നിയിലേയ്ക്ക് എറിയപ്പെടുന്നതാണോ? അധികാരം കയ്യിലുള്ളതുകൊണ്ട് നിയമത്തെയും പോലീസിനെയും ഉപയോഗിച്ച് എന്ത് അധാർമ്മികതയും കാട്ടാമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി തെളിയിച്ചിരിക്കുകയാണ്. അതിന്റെ പ്രതിഫലനം മാത്രമാണ് ശ്രീ. കെ. എം. മാണിയും ശ്രീ. കെ. ബാബുവും ഉൾപ്പെട്ട ബാർക്കോഴ കേസ് അട്ടിമറിച്ചതിൽ പ്രകടമാകുന്നത്. ഇതുസംബന്ധിച്ച് ചർച്ച ചെയ്താൽ

നിങ്ങളുടെ ചെമ്പ് തെളിയുമെന്ന് ഉറപ്പാണ്. അതൊഴിവാക്കാനാണ് ഈ അടിയന്തര പ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളെ പൊതുവെയും നിയമസഭയ്ക്ക് പ്രത്യേകിച്ചും ഗുരുതരമായി തോന്നിയ വിഷയമാണ് അടിയന്തര പ്രമേയമായി അവതരിപ്പിച്ചത്. കേരളത്തിന്റെയും നിയമസഭയുടെയും ചരിത്രത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന, ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള അഴിമതി ഉണ്ടായിട്ടില്ല. കഴിഞ്ഞ എട്ട് മാസമായി ഇന്ത്യയും കേരളവും മാധ്യമങ്ങളും ഈ വിഷയം ചർച്ച ചെയ്യുകയാണ്. ഭരണകക്ഷിയിലെ മന്ത്രിമാർ പ്രതിപക്ഷത്തോട് പ്രകോപിതരായിട്ട് കാര്യമില്ല. ഇത് പ്രതിപക്ഷം സൃഷ്ടിച്ച വ്യാജമായ അഴിമതി ആരോപണമല്ല. തെളിവുകളോട് കൂടി രാജ്യത്ത് ഉയർന്നുവന്ന ഗുരുതരമായ കേസ്സാണ്. ഒന്നുകിൽ ആരംഭത്തിൽ തന്നെ അടിസ്ഥാനപരമായി ഒന്നുമില്ലെന്ന് അവകാശപ്പെട്ട് നിങ്ങൾക്ക് നിഷേധിക്കാമായിരുന്നു. എന്നാൽ ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് അന്വേഷണം ആരംഭിച്ചു. സമ്മർദ്ദത്തിന്റെ

പുറത്താണ് കേസ്സന്വേഷണം ആരംഭിച്ചതെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. ഏതായാലും പ്രതിപക്ഷത്തിന്റെ സമ്മർദ്ദമല്ല. കേസ് അന്വേഷണം ആരംഭിച്ച് പ്രൈമറി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി. ശ്രീ. കെ. എം. മാണി ഒന്നാം പ്രതിയാണെന്ന് എഫ്.ഐ.ആർ പറയുന്നു. തുടരന്വേഷണം വേണ്ടെന്ന് ഗവൺമെന്റിന് തീരുമാനിക്കാമായിരുന്നു. എന്നാൽ തുടരന്വേഷണം വേണമെന്ന് തീരുമാനിക്കുകയും അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു. അന്വേഷണ ഉദ്യോഗസ്ഥൻ കഠിനമായ പരിശ്രമത്തിന് ശേഷം റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചുവെന്നാണ് അറിയുന്നത്. ആ അന്വേഷണ ഉദ്യോഗസ്ഥൻ കേരളത്തോട് വിളിച്ചുപറഞ്ഞ കാര്യങ്ങളെക്കുറിച്ച് എന്ത് മറുപടിയാണ് പറയാനുള്ളത്. അദ്ദേഹം പറഞ്ഞത്, കഷ്ടപ്പെട്ട് 300-ൽ അധികം ആളുകളിൽ നിന്ന് തെളിവ് ശേഖരിച്ച്, ഗുണപരിശോധന നടത്തി സമ്പൂർണ്ണമായി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയെന്നാണ്. കേസ്സന്വേഷ ണവുമായി ബന്ധപ്പെട്ട സമ്മർദ്ദം കാരണം ആത്മഹത്യ ചെയ്യാൻ തോന്നിയ എസ്.പി. ഇപ്പോഴും കേരളത്തിൽ ജീവിച്ചിരുപ്പുണ്ടെന്നുള്ളത് മഹാത്ഭുതവും ഞങ്ങളുടെ ഭാഗ്യവുമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും തോന്നിയിട്ടുള്ളതാണ്. മന്ത്രി പറഞ്ഞത് വെറുതെയല്ല, ആഭ്യന്തര മന്ത്രിയാണ് പറയുന്നത്. എല്ലാ സമ്മർദ്ദങ്ങൾക്കുമതീതമായി

കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ആഭ്യന്തര വകുപ്പുമന്ത്രി കേരളാ നിയമസഭയിൽ സമ്മർദ്ദത്തിന് വഴങ്ങേണ്ടിവന്നുവെന്ന് പറയുകയാണ്. ഫെയ്സ്ബുക്കിൽ കേസിൽ സമ്മർദ്ദമുണ്ടായി എന്ന് പറഞ്ഞിരിക്കുന്നു, ആരുടെ സമ്മർദ്ദമാണ്? ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയെ ഞങ്ങൾ സംരക്ഷിക്കാൻ തയ്യാറാണ്. സമ്മർദ്ദത്തിൽ നിങ്ങൾ ഭീരുവാകേണ്ട കാര്യമില്ല, ആരുടെ സമ്മർദ്ദമാണെന്ന് പറയണം. നട്ടെല്ലുണ്ടെങ്കിൽ സത്യസന്ധമായി നിയമസഭയിൽ കാര്യങ്ങൾ പറയണം. സമ്മർദ്ദം ആരുടെയാണ്? ശ്രീ. വി. എസ്. അച്യുതാനന്ദനാണോ; ഞങ്ങളുടെ പാർട്ടിയിൽനിന്നാണോ; നിങ്ങളുടെ ഭാഗത്തുനിന്ന് ആരെങ്കിലുമാണെങ്കിൽ അത് സഭയിൽ പറയേണ്ടതല്ലേ? താങ്കൾക്ക് സമ്മർദ്ദമുണ്ടെന്ന് പറയുന്നതിൽ ഞങ്ങൾക്ക് വളരെ പ്രയാസമാണ്. ഒരു ആഭ്യന്തരവകുപ്പുമന്ത്രി സമ്മർദ്ദത്തിൽ എങ്ങനെയാണ് ജീവിക്കുന്നത്? അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് വെബ്സൈറ്റിൽ കൊടുക്കണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി ഇവിടെ ഇരിക്കുന്നുണ്ടല്ലോ, നിങ്ങളുടെ ഒരുദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് വെബ്സൈറ്റിൽ നൽകണമെന്ന് പറഞ്ഞിട്ട് അത് നൽകാൻ ആഭ്യന്തരവകുപ്പുമന്ത്രിക്ക് എന്ത് തടസ്സമാണുള്ളത്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ,

അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചതിനുശേഷം വെബ്സൈറ്റിൽ കൊടുക്കും. അപ്പോൾ എല്ലാം ബോദ്ധ്യമാകും. ഇപ്പോൾ അതിന്റെ സ്റ്റേജ് ആയിട്ടില്ല.

ശ്രീ. സി. ദിവാകരൻ: സർ, താങ്കൾ അപ്പോൾ അന്വേഷണ റിപ്പോർട്ട് നേരത്തെ കണ്ടുവെന്നാണോ പറഞ്ഞത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്വേഷണ റിപ്പോർട്ട് ഞാൻ കണ്ടിട്ടില്ല. പക്ഷെ നടപടിക്രമം അതാണ്.

ശ്രീ. സി. ദിവാകരൻ: സർ, അന്വേഷണം പൂർത്തിയായാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡിപ്പാർട്ട്മെന്റ്, ഹോം ഡിപ്പാർട്ടുമെന്റ്, അതിൽ തന്നെയുള്ള ലീഗൽ ഡിപ്പാർട്ടുമെന്റ്, സെക്രട്ടേറിയറ്റ് ലീഗൽ ഡിപ്പാർട്ടുമെന്റ് എന്നിവയെല്ലാം ഉണ്ടായിട്ടും ശ്രീ. കെ. എം. മാണി കുറ്റക്കാരനല്ലായിരുന്നുവെങ്കിൽ, പോളക്കുളം എന്നുപറയുന്ന അബ്കാരിക്കുവേണ്ടി കോടതിയിൽ ഹാജരായ നാഗേശ്വര റാവുവിനെ നിങ്ങൾ എന്തിനാണ് സമീപിച്ചത്? പോളക്കുളവും ഇവിടെ ചിലരുമായിട്ടുള്ള ബന്ധങ്ങൾ എല്ലാപേർക്കും അങ്ങേയ്ക്കുമറിയാം. ആ പോളക്കുളത്തിനുവേണ്ടി ഹാജരായ നാഗേശ്വര റാവുവിനെയാണ് നിങ്ങൾ സമീപിച്ചത്. അതാണ് ദുരുദ്ദേശപരമായിട്ടാണ് ആ അഭിഭാഷകനെ നിങ്ങളുപയോഗപ്പെടുത്തുന്നതെന്ന് ഞങ്ങൾ പറഞ്ഞത്. ശ്രീ. കെ. കെ.

വേണുഗോപാൽ എന്നിങ്ങനെ എത്രയോ ആളുകളുണ്ട്. അവിടെയൊന്നും പോകാതെ ഇദ്ദേഹത്തെത്തന്നെ കണ്ടുപിടിച്ചതിന്റെ ദുരുദ്ദേശം കേരളത്തിനറിയാം. അതുകൊണ്ട് ഈ കേസ് നിഷ്പക്ഷമാണെന്ന് ഞങ്ങൾ കരുതുന്നില്ല. അതാണ് ഞങ്ങൾ ചർച്ച ചെയ്യണമെന്ന് പറയുന്നത്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ പുറത്ത് നിയമോപദേശം തേടണമെന്ന് ഏത് ഭരണഘടനയിലാണ് പറഞ്ഞിരിക്കുന്നത്? അന്വേഷണം പൂർത്തിയാക്കിയെന്ന് അന്വേഷണ ഉദ്യോഗസ്ഥന് പൂർണ്ണ ബോദ്ധ്യമുണ്ടെങ്കിൽ ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിക്കാം. തുടർ നടപടികൾ സ്വീകരിക്കാം. അതിനു വിധേയമാകുന്ന ആളുകൾ കോടതിയിൽ പോയാലാണ് നിങ്ങൾ മറുപടി പറയേണ്ടത്. നിങ്ങൾ നിയമം എക്സിക്യൂട്ട് ചെയ്യേണ്ടവരാണ്, എക്സിക്യൂട്ടീവ് പവറുള്ളവരാണ്. എക്സിക്യൂട്ടീവ് അധികാരമുള്ളവർ അത് വിനിയോഗിക്കാതെ എട്ടുമാസമായി ഈ കേസ് ഇങ്ങനെ കിടക്കുകയാണ്. നിങ്ങളിപ്പോഴും അഡ്വക്കേറ്റിനെ അന്വേഷിച്ച് നടക്കുന്നു, അതിൽ നിങ്ങൾക്ക് സൗകര്യമുള്ളവരെ സ്വീകരിക്കുന്നു. എന്നിട്ട് ആ ലീഗൽ ഒപ്പിനിയൻ എന്താണെന്ന് പറയുന്നില്ല. കേരള നിയമസഭയെ നോക്കുകുത്തിയാക്കരുത്. ഗൗരവമായ ഒരു വിഷയം നിങ്ങൾ കൈകാര്യം ചെയ്തതിലുണ്ടായ പോരായ്മയാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതിന് ക്ഷുഭിതരായി ചാടിയെണീറ്റിട്ട് കാര്യമില്ല.

നിങ്ങൾ ഫെയ്സ് ബുക്കിലെഴുതുന്നു...

<u>മി. സ്പീക്കർ:</u> ശ്രീ. സി. ദിവാകരൻ, അങ്ങയുടെ പ്രസംഗം തുടങ്ങിയിട്ട് 7 മിനിട്ടായി.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ആഭ്യന്തരവകുപ്പുമന്ത്രിക്കുണ്ടായ ഭീഷണിയാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. അദ്ദേഹത്തിന്റെമേൽ സമ്മർദ്ദം ചെലുത്തുന്നതാരാണെന്ന് സ്പീക്കറെങ്കിലും ചോദിക്കണം. ഒരു ഭീഷണിയുണ്ടായാൽ അത് ചോദിക്കേണ്ടതല്ലേ, ആരും ഭീഷണിപ്പെടുത്തുകയില്ലായെന്നും ധൈര്യമായി ആ കേസ് മുന്നോട്ടുകൊണ്ടുപോകണമെന്നും ചെയർ ഉറപ്പുകൊടുക്കണം. ഞങ്ങൾക്ക് നീതി ലഭിക്കണം. കോഴ വാങ്ങിയില്ലെങ്കിൽ ശ്രീ. കെ. എം. മാണിക്ക് കോഴ വാങ്ങിയിട്ടില്ലായെന്ന് പറയാമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒന്നിലധികം തവണ ഈ കേസിൽ തെളിവില്ലായെന്ന് പറഞ്ഞു. അന്വേഷണ നടപടികൾ നടക്കുമ്പോൾ കേരളത്തിലെ മുഖ്യമന്ത്രി ഈ ആരോപണത്തിന് തെളിവില്ലായെന്ന് പറയുകയാണ്. രണ്ടാമത്തെ സ്റ്റേറ്റ്മെന്റ്, അന്വേഷണം പൂർത്തിയാകുമ്പോൾ മാണി സാറിന്റെ ദുഃഖമെല്ലാം തീരും എന്നാണ്. എന്താണ് ഇതിന്റെ ഉദ്ദേശ്യം? അങ്ങ് ഒരിക്കൽ പറഞ്ഞു, തെളിവില്ലായെന്ന്, രണ്ടാമത് അങ്ങ് പറഞ്ഞു, അന്വേഷണം പൂർത്തിയാകുമ്പോൾ മാണിസാറിന്റെ ദുഃഖം തീരുമെന്ന്. മാണി സാറിന്റെ ദുഃഖം

തീരുമെന്ന് ഇപ്പോൾ നാഗേശ്വര റാവു വന്നപ്പോൾ എല്ലാവർക്കും മനസ്സിലായി. ഇതുപോലെ തങ്കക്കുടമായ ഒരു വക്കീലില്ലായെന്നാണ് നിങ്ങൾ പറഞ്ഞത്. ശ്രീ. വി. എസ്. അച്യുതാനന്ദനെക്കൂടി സാക്ഷിയായി അങ്ങോട്ടെടുത്തു. നാഗേശ്വര റാവുവിന് വെള്ളപൂശേണ്ട വല്ല കാര്യവും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കുണ്ടോ; എന്തിനാണ് നിങ്ങൾ ഈ വക്കീലിനുവേണ്ടി വാദിക്കുന്നത്? ആ വക്കീലുപോലും വാദിക്കില്ല. ഇത്രയും ഗുരുതരമായ ഒരു വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യാൻ വിസമ്മതിക്കുന്നതിന്റെ കാരണമെന്താണ്; ഇവർ തയ്യാറായിരുന്നുവെങ്കിൽ, ഇന്നിത് അവസാനിപ്പിക്കാമായിരുന്നു. ഈ അടിയന്തര പ്രമേയത്തിൽ വിശദാംശങ്ങളെല്ലാം ചർച്ച ചെയ്ത് രണ്ടുകൂട്ടർക്കും സന്തോഷമായി അവസാനിപ്പിക്കാം. മാണി സാർ അവസാനം മറുപടി പറയുമ്പോൾ 'ഞാൻ കുറച്ച് കാശ് വാങ്ങിച്ചു, അത് വലിയ തെറ്റാണെങ്കിൽ തെറ്റാണെന്ന് സമ്മതിച്ചാൽ തീരുമായിരുന്നല്ലോ; ലളിതമായ ഒരു കാര്യമല്ലേ, അതവസാനിപ്പിച്ചുകൂടേ? ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> സർ, അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടികൊണ്ട് ശ്രീ. എസ്. ശർമ്മ പത്രങ്ങളിൽ വന്നതടക്കമുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എണ്ണി എണ്ണി ചില കാര്യങ്ങൾ നിഷേധിച്ചു. നിഷേധിക്കാതെ ബാക്കി നിൽക്കുന്നതല്ലാം സത്യമാണെന്ന് ഞങ്ങൾക്ക് അനുമാനിക്കാമല്ലോ അല്ലേ? അന്വേഷണ ഉദ്യോഗസ്ഥൻ 300-ൽ അധികം ആളുകളെ ചോദ്യം ചെയ്ത് തെളിവെടുത്തതിനുശേഷം ശ്രീ. കെ. എം. മാണിയെ പ്രോസിക്യൂട്ട് ചെയ്യാൻ മതിയായ തെളിവുണ്ടെന്ന് ശിപാർശ ചെയ്തെന്ന് ശ്രീ. എസ്. ശർമ്മ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ചിട്ടില്ല. ഈ കേസ് അന്വേഷിച്ച അന്വേഷണ ഉദ്യോഗസ്ഥൻ 300 നിഷ്പക്ഷ സാക്ഷികളെ വിസ്തരിച്ച് തെളിവെടുത്തതിനുശേഷം ശ്രീ. കെ. എം. മാണിക്കെതിരെ കേസ്സെടുക്കാൻ മതിയായ തെളിവുണ്ട്, പ്രോസിക്യൂഷന് വിധേയനാക്കണമെന്ന് പറഞ്ഞത് മന്ത്രി നിഷേധിക്കാത്തിടത്തോളംകാലം അത് സത്യമാണല്ലോ, അന്വേഷണ ഉദ്യോഗസ്ഥൻ പ്രോസിക്യൂട്ട് ചെയ്യണമെന്ന് പറഞ്ഞതിനുശേഷം ഒരു മാസമായി. ഈ ഒരുമാസത്തിനിടയിൽ ഒരു തീരുമാനമെടുക്കാതെ അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിയമവാഴ്ചയെ മുഴുവൻ ഇല്ലാതാക്കുന്ന തീരുമാനം എടുത്തത്

എന്തുകൊണ്ടാണ്; ഇതുവരെ താമസിച്ചതെന്തുകൊണ്ടാണ്? നേരത്തെ ഇങ്ങനെയൊരു തീരുമാനമെടുത്തിരുന്നുവെങ്കിൽ അരുവിക്കരയിൽ തിരിച്ചടിയുണ്ടാകുമെന്ന തിരിച്ചറിവിലല്ലേ ഇങ്ങനെ ചെയ്തത്? ഇപ്പോൾ പുറകോട്ടുപോകാൻ കണ്ടുപിടിച്ചിരിക്കുന്നതെന്താണ്;

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നേരത്തെ കൊടുത്തിരുന്നുവെങ്കിൽ തെരഞ്ഞെടുപ്പിനുവേണ്ടി മാണി സാറിനെ വെള്ള പൂശിയതാണെന്ന് നിങ്ങൾ പറയുമായിരുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: അപ്പോൾ ഒരു മാസമായി അന്വേഷണ ഉദ്യോഗസ്ഥന്റെ ശിപാർശ മന്ത്രിയുടെ കൈവശമുണ്ടായിരുന്നുവെന്നാണോ? അരുവിക്കര തെരഞ്ഞെടുപ്പ് പ്രമാണിച്ചാണ് അത് പറയാതിരുന്നതെന്ന് മനസ്സിലായി. അത് ഏത് തരത്തിലുള്ള ഭയപ്പാടാണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്വേഷണ റിപ്പോർട്ട് എന്റെ കൈയ്യിലില്ല. സ്വാഭാവികമായും നിങ്ങൾ പറയാൻ പോകുന്നത് അതായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി അതും ആദ്യം സമ്മതിച്ചതാണ്. 300 പേരെ വിസ്തരിച്ചതിനുശേഷം അന്വേഷണ ഉദ്യോഗസ്ഥൻ

പ്രോസിക്യൂട്ട് ചെയ്യാൻ മതിയായ തെളിവുണ്ടെന്ന് പറഞ്ഞിരിക്കുന്നു. അത് നിഷേധിച്ചിട്ടില്ല. ഒരു മാസമായി എന്നു പറഞ്ഞപ്പോൾ ഇത് കൊടുത്തിരുന്നുവെങ്കിൽ അരുവിക്കരയാണ് ഇപ്പോഴത്തെ വിഷയം, അരുവിക്കരയ്ക്കുവേണ്ടിയാണ് ഈ തീരുമാനം വൈകിച്ചതെന്നുമുള്ളതും വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ പ്രോസിക്യൂട്ട് ചെയ്യാതിരിക്കാൻ വേണ്ടി കണ്ടുപിടിച്ചിരിക്കുന്ന ന്യായം ഒരു നിയമോപദേശം തേടുകയെന്നുള്ളതാണ്. ഇവിടെ ആരുടെ കൈയ്യിൽ നിന്നാണ് നിയമോപദേശം സ്വീകരിച്ചത് എന്നതാണ് പ്രസക്തമായ വിഷയം. ശാന്തി ഭൂഷണും പ്രശാന്ത് ഭൂഷണും ആരാണ്; അതുപോലെയാണോ നാഗേശ്വര റാവു? മൊറാർജി ദേശായിയുടെ ഗവൺമെന്റിൽ നിയമവകുപ്പുമന്ത്രിയായിരുന്ന ശാന്തി ഭൂഷൺ. അദ്ദേഹത്തിന്റെ മകനാണ് പ്രശാന്ത് ഭൂഷൺ. ഈ നാട്ടിൽ നടന്നിരിക്കുന്ന അഴിമതിക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് മുൻകയ്യെടുത്ത വക്കീലന്മാരാണിവർ. ശ്രീ. അരവിന്ദ് കെജ്രിവാളിനെപ്പോലും ചോദ്യം ചെയ്യാൻ, അത് ശരിയോ തെറ്റോ, അതിന്റെ മെറിറ്റിലേക്കല്ല ഞാൻ പോകുന്നത്, അതിനുള്ള ആർജ്ജവം കാണിച്ച ആ ശാന്തി ഭൂഷണിനോടോ പ്രശാന്ത് ഭൂഷണിനോടോ ഒരു നിയമോപദേശം തേടണമെന്ന് പറഞ്ഞതുപോലെയാണോ ഒരു കേസിൽ കോഴ കൊടുത്തിട്ടില്ലായെന്ന് പറയുന്ന ബാറുടമകൾക്കുവേണ്ടി ഹാജരായ

വക്കീലിനെ പോയി കാണുന്നത്? ഇവിടെ കോഴ കൊടുത്തുവെന്ന് പറയുന്ന ബാറുടമകൾ പറയുന്നത് നുണ പരിശോധനയ്ക്ക് തയ്യാറാണെന്നാണ്. ഇത് കണ്ടുവെന്ന് പറയുന്ന ഡ്രൈവർ പറയുന്നതും നുണ പരിശോധനയ്ക്ക് തയ്യാറാണെന്നാണ്. തയ്യാറാവാത്തത് കോഴ കൊടുത്തില്ലായെന്ന് പറയുന്ന ബാറുടമകളും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമാണ്. അപ്പോൾ നുണ പരിശോധനയ്ക്ക് തയ്യാറാവാത്തവർ കോഴ കൊടുത്തിട്ടില്ലയെന്നു പറയുന്നവരും, കോഴ കൊടുത്തു എന്നുപറയുന്നവർ നുണപരിശോധനയ്ക്ക് തയ്യാറാകുമ്പോൾ അവർക്കുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായ വക്കീലിനെയാണ് നിയമോപദേശകനാക്കിയത്. എന്നാൽപ്പിന്നെ കേരളത്തിലെ നിയമ വകുപ്പുമന്ത്രിയുടെ നിയമോപദേശം തേടിയാൽപ്പോരായിരുന്നോ? നേരിട്ട് മൂക്കിൽ തൊടേണ്ടതിനുപകരം കഴുത്ത് വളച്ച് തൊടുന്നതുപോലെയായില്ലേ ഇത്. നേരിട്ട് കേരളത്തിലെ നിയമവകുപ്പുമന്ത്രിയുടെ നിയമോപദേശം തേടുന്നതിനുപകരം നിയമവകുപ്പുമന്ത്രിക്ക് അനുകൂലമായി പറയുന്ന ബാർ ഉടമകൾക്കുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായ വക്കീലിന്റെ ഉപദേശം തേടിയത് കഴുത്ത് വളച്ച് മൂക്കിൽ തൊടുന്നതുപോലെയായിപ്പോയി. ഇവിടെ പരിപൂർണ്ണമായും നിയമവ്യവസ്ഥയെ അട്ടിമറിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു സത്യം ചെയ്തു. ഫെയ്സ്ബുക്കിലുണ്ടായിരുന്ന സുഹൃത്തുക്കളോട് അദ്ദേഹം ഒരു

വേദന പങ്കിട്ടു. അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഫെയ്സ്ബുക്കിൽ അങ്ങ് ഷെയർ ചെയ്തത് ഈ കേസിൽ എനിക്ക് വലിയ ബാഹ്യ സമ്മർദ്ദമുണ്ടായിരിക്കുന്നു എന്നാണ്. ഇതുതന്നെയാണ് അന്വേഷണ ഉദ്യോഗസ്ഥൻ സുകേശനും പറഞ്ഞത്. എനിക്ക് ഈ കേസ്സിൽ നിരന്തരമായ സമ്മർദ്ദമുണ്ടാകുന്നു, ഞാൻ ആത്മഹത്യ ചെയ്യാൻ വരെ ആലോചിച്ചു എന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അതൊന്നും ആലോചിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഫേയ്സ്ബുക്കിൽ ഒരു ഷെയറിംഗിലൂടെ അവസാനിപ്പിച്ചു. ആ സമ്മർദ്ദം വിജിലൻസ് ഡയറക്ടർക്ക് ഉണ്ടായില്ലായെന്ന് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട മന്ത്രിക്കും ഈ കേസ് അന്വേഷിച്ച അന്വേഷണ ഉദ്യോഗസ്ഥനും ഉണ്ടായ സമ്മർദ്ദം വിജിലൻസ് ഡയറക്ടർക്ക് മാത്രം ഉണ്ടാകാതെ പോകുന്നതെങ്ങനെയാണ്. രാഷ്ട്രീയ സമ്മർദ്ദത്തിലൂടെ രാഷ്ട്രീയ സൗകര്യത്തിനുവേണ്ടി കേരളത്തിലെ നിയമ വ്യവസ്ഥയെ മുഴുവൻ അട്ടിമറിച്ചുകൊണ്ട് ഈ നാട്ടിലെ ധാർമ്മിക നിലവാരം മുഴുവൻ ഇല്ലാതാക്കികൊണ്ട് ഒരു വ്യക്തിയെ സംരക്ഷിക്കാൻ, ഈ ഗവൺമെന്റ് നിലനിറുത്താൻ വേണ്ടി കേരളീയരെ മുഴുവൻ അപമാനിക്കുന്ന ഒരു വിഷയം നിയമസഭ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെ എവിടെപ്പോയി ചർച്ച ചെയ്യും. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ

കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി : സർ, ഈ സംസ്ഥാനത്തെ ജനങ്ങൾ മുഴവൻ ത്രിശ്ശങ്കു സ്വർഗ്ഗത്തിലാണ്. ചാനലുകളിൽ വാർത്ത വരുന്നു, പത്രങ്ങളിൽ വാർത്ത വരുന്നു, ഇതിൽ ഏതാണ് ശരി. ബിജു രമേശ് പറയുന്നതാണോ ശരി, അദ്ദേഹത്തിന്റെ ഡ്രൈവർ പറയുന്നതാണോ ശരി, വണ്ടി അവിടെ ചെന്നത് കണ്ടു എന്നുപറയുന്നതാണോ ശരി, അതല്ല ഇതൊക്കെ നിഷേധിച്ചുകൊണ്ട് ശ്രീ. കെ. എം. മാണി പറയുന്നതാണോ ശരി, ആരുപറയുന്നതാണ് ശരി.  ഈ രാജ്യത്തെ ജനങ്ങൾക്ക് ഇതറിയണ്ടേ? തീർച്ചയായും വിജിലൻസിനെ വിശ്വസിക്കാതെ വരും. കാരണം, അത് നിയന്ത്രിക്കുന്നത് ഗവൺമെന്റാണ്. അതുകൊണ്ട് എനിക്ക് മാണിസാറിനോട് പറയാനുള്ളത് അങ്ങയുടെ അമ്പത് വർഷത്തെ പൊതുജീവിതത്തിന്റെ അവസാനം ഈ തരത്തിൽ പോകാതെ അങ്ങ് തന്റേടത്തോടെ സി.ബി.ഐ. അന്വേഷണം നേരിടാൻ തയ്യാറാണെന്നുപറഞ്ഞ് സി.ബി.ഐ. അന്വേഷണത്തെ നേരിട്ട് ഒരു അഗ്നിപരീക്ഷ നടത്തി അങ്ങയുടെ സത്യം തെളിയിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ

തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിക്ഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)